# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

മാർച്ച് 2011



- ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)
  ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
- പ. വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ (തുടർച്ച)
- മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന: ഒരു ലഘുവിചിന്തനം (തുടർച്ച)
  ഫാ. ഡോ. ജേക്കബ് കുര്യൻ

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത ( മാർച്ച 17)
( കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി )



**മാർത്തോമ്മ നാലാമൻ( മാർച്ച 25)**
( മാർത്തോമ്മ നാലാമന്റെ കബറിടം കണ്ടനാട് മർത്തമറിയം പള്ളി )

# പ്രദീപ്തി

വാല്യം : 12 ലക്കം : 03 മാർച്ച് 2011





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് - 682 308
pradeepthi2002@gmail.com


## ദളങ്ങളിൽ


**2** പത്രാധിപക്കുറിപ്പ്
**"…. നോമ്പേ സമാധാനത്താലെ വരിക"**

**3** ഇടയസന്ദേശം
**ദൈവഭക്തിയും ജ്ഞാനവും**
ഡോ. മാത്യൂസ് മാർ സേവേറിയോസ്
മെത്രാപ്പോലീത്ത

**5** സഭാ ചരിത്രം
**പ. വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ**

**7** സഭാ വിജ്ഞാനീയം
**മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന** ഒരു ലഘുവിചിന്തനം
ഫാ. ഡോ. ജേക്കബ് കുര്യൻ

**11** പ്രതിധ്വനി
**സഭാ ശുശ്രൂഷയിലെ രണ്ട് പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം**
ഫാ. ജോസ് തോമസ്

**13** ആനുകാലികം
**നഹി: നഹി: ബഹുദാനം അന്നദാനസ്സമാനം**
റ്റി.ജെ. ജയിംസ്

**15** ചർച്ചാവേദി
**മന:സാക്ഷി പൂർണ്ണമോ?**
ഫാ. സി.എം. കുര്യാക്കോസ്

**16** ധ്യാനപംക്തി
**ഭോഷനായ ധനികന്റെ ചിന്തകളും അവ നല്കുന്ന പാഠങ്ങളും**
ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ

**19** കവിത
**എന്റെ പ്രാർത്ഥന**
ജോർജ്ജ്കുട്ടി തുടിയംപറമ്പിൽ

**20** **വാർത്തകൾ**





## പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ.റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. വർഗീസ് പി. വർഗീസ്**
**റവ. ഫാ. ജിനോ വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ. പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരക്കുന്നത്ത്**

## ഉപദേശകസമിതി

വെരി. റവ. ഫാ. പി.യു.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ
റവ. ഫാ. ഡോ.റ്റി.ജെ. ജോഷ്വ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. റ്റി.പി. ഏലിയാസ്
റവ. ഫാ. സി.എം. കുര്യാക്കോസ്
റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
റവ. ഫാ. ജോൺ വർഗീസ്
ശ്രീ. ചെമ്മനം ചാക്കോ
ശ്രീ. വർഗീസ് കരിപ്പാടം



| | |
|---|---|
| ഒറ്റപ്രതി | - 10 രൂപ |
| വാർഷികം | - 100 രൂപ |
| 10 വർഷം | - 1000 രൂപ |

■ പത്രാധിപക്കുറിപ്പ്



# “......... നോമ്പേ സമാധാനത്താലെ വരിക”

നിത്യതയിലേക്കുള്ള തീർത്ഥാടനമാണല്ലോ മനുഷ്യ ജീവിതം. ഈ യാത്രയിൽ ശക്തി ലഭിക്കുന്നതിനുള്ള വഴിയാഹാരമായിട്ടാണ് പ്രാർത്ഥനയെയും നോമ്പിനെയും കാണുന്നത്. നോമ്പിനെ സുഗന്ധപൂരിതമാക്കുന്ന സുഗന്ധദ്രവ്യങ്ങളാണ് ഉപവാസവും ദാനധർമ്മവും. ഇവ രണ്ടുമില്ലാത്ത നോമ്പ് വ്യർത്ഥമാണ്. അതോടൊപ്പം ഉപവാസത്തോടു കൂടി പ്രാർത്ഥിക്കുന്നത്, ഉപവാസമില്ലാതെ പല ദിവസങ്ങളിൽ പ്രാർത്ഥിക്കുന്നതിനേക്കാൾ ഫലപ്രദമാണ്. അതുപോലെ ദാനധർമ്മം ചെയ്യാൻ മനസ്സില്ലാത്തവരുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുന്നുമില്ല. ഉപവാസത്തിനടുത്ത സൽചിന്തകളും സുകൃതങ്ങളും നമ്മിൽ വളരുവാൻ ആത്മീയ ശിക്ഷണം വളരെ ആവശ്യമാണ്. ആ ആത്മീയ ശിക്ഷണത്തിന്റെ ഭാഗമാണ് നാം അനുഷ്ഠിക്കുന്ന നോമ്പുകൾ.

ഇവിടെ, ഛന്ദോഗ്യ ഉപനിഷത്തിലെ ഒരു വാക്യം വളരെ പ്രസക്തമാണെന്നു തോന്നുന്നു. ‘‘ആഹാരശുദ്ധൗ സത്ത്വശുദ്ധി’’ (VII: 26:2) ആഹാരം ശുദ്ധമായിരുന്നാൽ അന്തഃകരണ ശുദ്ധിയുണ്ടാകുന്നു. ബാഹ്യ ശുദ്ധിയെക്കുറിച്ചു മാത്രം ചിന്തിക്കുന്നവരായ നാം ആന്തരിക ശുദ്ധിക്ക് പലപ്പോഴും വേണ്ടത്ര പ്രാധാന്യം നല്കാറില്ല. ബാഹ്യശുദ്ധിയെപ്പോലെ തന്നെ പ്രാധാന്യമേറിയതാണ് ആന്തരിക ശുദ്ധിയും. അതിനായി നിർമ്മല ചിന്തയും വെടിപ്പുള്ള ഹൃദയവും ആവശ്യമാണ്. ഈ ശുദ്ധീകരണ പ്രക്രിയയിൽ ഭക്ഷണപാനീയങ്ങൾക്കുള്ള സ്ഥാനം നിസ്സാരമല്ല. അതിനാൽ ആഹാരനീഹാരാദി കാര്യങ്ങളിൽ ചില നിഷ്ഠകൾ പാലിക്കേണ്ടത് അത്യാവശ്യവുമാണ്. അധികജലം വിത്തിനെ നശിപ്പിക്കുന്നതുപോലെ അമിതാഹാരം ആന്തരിക മനുഷ്യനെ നശിപ്പിക്കുന്നതാണ്. അതിനാലാവാം ഭാരതീയമുനിമാർ “ഒരു നേരം ഭക്ഷിക്കുന്നവനെ യോഗിയെന്നും രണ്ടുനേരം ഭക്ഷിക്കുന്നവനെ ഭോഗിയെന്നും മൂന്നുനേരം ഭക്ഷിക്കുന്നവനെ രോഗിയെന്നും നാലുനേരം ഭക്ഷിക്കുന്നവനെ ദ്രോഹി” യെന്നും വിളിച്ചിരുന്നത്.

ഭക്ഷണത്തോട്, വേണ്ട എന്നു പറയുവാൻ മനസ്സുവരാത്തവന് തിന്മകളോട് വേണ്ട എന്നു പറയുവാൻ ഒരു പക്ഷെ സാധിച്ചുവെന്നു വരികയില്ല. വിശപ്പും ദാഹവും സഹിക്കുന്നവന് ശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളെ കടിഞ്ഞാണിട്ട് പിടിക്കുന്നതിനും മോഹങ്ങളെയും തൃഷ്ണകളെയും അതിജീവിക്കുന്നതിനും സാധിക്കും. ഭക്ഷണ സുഖത്തെ വെടിയുമ്പോൾ ആത്മസുഖം ഉണ്ടാകുന്നു. ആത്മാവ് പ്രകാശിക്കുന്നതോടൊപ്പം മനുഷ്യനിൽ ദൈവം നിക്ഷേപിച്ച ദൈവസ്വരൂപം തേജസ്വീകരിക്കപ്പെടും. അതിനാലാവാം fasting is the feasting of soul എന്നു പറയുവാൻ കാരണം.

ഇതിന്റെ സാമൂഹ്യവശം വളരെ പ്രധാനപ്പെട്ടതാണ്. സഹജീവികളെയും സമസൃഷ്ടികളെയും കരുതുകയും പരിപാലിക്കുകയും ചെയ്യുന്നത് നോമ്പിന്റെ ഒഴിവാക്കാനാവാത്ത ഘടകമാണ്. യെശയ്യ 58:6–8 “................. ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം. വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസ രക്തങ്ങളായിരിക്കുന്നവർക്ക് നിന്നെ തന്നെ മറയ്ക്കാതെയിരിക്കുന്നതും അല്ലയോ? അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും......” വിശന്നിരിക്കുന്നവന് ഉപവസിക്കുന്ന സമയത്തെ ഭക്ഷണം നല്കി പോഷിപ്പിക്കുമ്പോഴാണ് നോമ്പ് പൂർണ്ണമാകുന്നത്. അവശതയിലിരിക്കുന്നവനെ സഹായിക്കുമ്പോഴാണ് നോമ്പ് അർത്ഥപൂർണ്ണമാകുന്നത്. അല്ലാതെ ഞാനും ദൈവവും മതി എന്ന ചിന്തയോടെ ആവശ്യക്കാരനെ അവഗണിക്കുന്ന നോമ്പ് പ്രയോജനരഹിതമായിരിക്കും. രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട Shepherd of Hermas എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “നിന്റെ ഉപവാസം യഥാർത്ഥമാകണമെങ്കിൽ, നീ ഉപവസിക്കുന്ന സമയത്തെ നിന്റെ ഭക്ഷണം ഒരു വിധവയ്ക്കോ, അനാഥനോ അല്ലെങ്കിൽ ആവശ്യത്തിലിരിക്കുന്ന ആർക്കെങ്കിലുമോ നല്കുക”. അതായത് നമുക്ക് ചുറ്റുമുള്ള വിശക്കുന്ന ജനങ്ങളുമായി താദാത്മ്യപ്പെടുന്നതിലൂടെയാണ് നോമ്പിന്റെ സുഗന്ധം മുകളിലേക്ക് ഉയരുന്നത്. വലിയ നോമ്പിലെ വ്യാഴാഴ്ച ഒൻപതാംമണി പ്രാർത്ഥനയിലൂടെ നമ്മെ പ്രബോധിപ്പിക്കുന്നത്, “ഉപവാസക്കാരനായ നീ ദരിദ്രനെ വിളിച്ച് അവന് ഭക്ഷണം കൊടുക്കുക. അവൻ ഇങ്ങോട്ട് വന്നിട്ടല്ല നീ അവന്റെ പിന്നാലെ ചെന്ന് അവന്റെ ഉദരത്തെ നിറയ്ക്കുകയാണ് വേണ്ടത്. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോയിട്ടല്ല, എന്നലോ കൃഷിക്കാർ വിത്തു വഹിച്ചുകൊണ്ട് വിതയ്ക്കുവാൻ പുറപ്പെടുകയത്രേ ചെയ്യുന്നത്. ദരിദ്രൻ വന്ന് നിന്റെ അടുക്കൽ മുട്ടുമ്പോൾ കർത്താവ് ഭക്ഷണം നല്കിക്കൊള്ളുമെന്ന് അവനോട് പറയുകയല്ല വേണ്ടത്. അങ്ങനെ പറഞ്ഞാൽ ആ വചനം വ്യർത്ഥവും പ്രതിഫലമില്ലാത്തതുമായിത്തീരും. എന്നാലോ നീ ഭക്ഷണം കൊടുത്തുകൊണ്ട് ഈ വചനം പറഞ്ഞാൽ അത് നിനക്ക് ദോഷമില്ല. എന്തുകൊണ്ടെന്നാൽ നിന്നെക്കാൾ കൂടുതലായി അവനെ പോഷിപ്പിക്കുന്നവൻ ആരാകുന്നു എന്ന് അവൻ അറിയുന്നു”. ഇപ്രകാരമുള്ള പ്രാർത്ഥനയും നോമ്പും നമ്മെ ചൈതന്യമുള്ളവരാക്കിത്തീർക്കുന്നതോടൊപ്പം നമ്മുടെ ആത്മാവിനെ പ്രകാശിപ്പിക്കുകയും ചെയ്യും. ഈ ശുദ്ധീകരണ പ്രക്രിയയിൽ ത്വരകമായിത്തീരട്ടെ ഈ വലിയ നോമ്പിലെ അനുഷ്ഠാനങ്ങൾ

പൂവത്തുങ്കലച്ചൻ

✤

# ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

## (ii) നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നു.

ഓർത്തഡോക്സ് സഭയുടെ ആരാധനയിൽ പ്രാർത്ഥനകൾ നിന്നുകൊണ്ടു ചൊല്ലുന്നു. ഇതു വേദപുസ്തകാധിഷ്ഠിതമായ ഒരു പഠിപ്പിക്കലിലൂടെ സ്പഷ്ടമാക്കുവാൻ സാധിക്കും. പ്രാർത്ഥനയുടെ "നില", "നില്പ്" എന്ന അർത്ഥമാണല്ലോ സുറിയാനി പാരമ്പര്യത്തിൽ "കൗമ" എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. ത്രിത്വസ്തുതിയും കർത്തൃപ്രാർത്ഥനയും ചേരുന്ന ഏറ്റവും ചെറുതും അതിശ്രേഷ്ഠവുമായ ഒരു ആരാധനാക്രമീകരണമാണ് ഒരു കൗമ. കൂടാതെ ഓരോ യാമപ്രാർത്ഥനകളിലും ഒരു പ്രത്യേകനിര ഉൾക്കൊള്ളുന്ന ഒരു പ്രാർത്ഥനാക്കൂട്ടത്തിനും (A set of prayer) ഒരു കൗമ എന്നു പറയുന്നുണ്ട്. രാത്രി പ്രാർത്ഥനയിലെ മൂന്നു കൗമാകൾ ഇപ്രകാരം ക്രമീകരിച്ചിട്ടുള്ളവയാണ്. കൗമ എന്ന വാക്കുതന്നെ സൂചിപ്പിക്കുന്നത് പ്രാർത്ഥന നിന്നുകൊണ്ട് നടത്തുന്നുവെന്നു തന്നെ.

പ്രാർത്ഥനയുടെ പ്രഥമവുമായ രീതി നിന്നുകൊണ്ട് എന്നതിന് അനേക വേദശാസ്ത്ര അടിസ്ഥാനങ്ങൾ ഉണ്ട്.

### a) ദൈവം നിൽക്കുന്നു

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ദൈവം എന്ന പ്രാർത്ഥന സൂചിപ്പിക്കുന്നത് ദൈവത്തിന്റെ സ്ഥിരമായ നിലയാണ്. ദൈവം "വിശ്രമിച്ചു" എന്നും തോട്ടത്തിൽ "നടന്നു" (ഉല്പ 2:2, 3 ; 3: 8) എന്നു തുടങ്ങിയ മനുഷ്യസദൃശ്യമായ വാക്കുകൾ ദൈവമനുഷ്യബന്ധത്തെ സ്പഷ്ടമാക്കുന്നതിനു മാത്രമാണല്ലോ. ആത്മാവെന്ന നിലയിൽ അശരീരിയായ ദൈവത്തിന്റെ പ്രവർത്തനങ്ങളെ മനുഷ്യസദൃശ്യമായ വാക്കുകൾ കൊണ്ട് പ്രസ്പഷ്ടമാക്കുന്നത് കേവലം ദാർശനികതലത്തിൽ നിന്ന് അനുഭവതലത്തിലേക്ക് ദൈവത്തെ പരാവർത്തനം ചെയ്യുന്നതാണെന്നു മനസ്സിലാക്കാം. യഹോവ യാഗപീഠത്തിനു മീതെ നിൽക്കുന്നുവെന്ന് ആമോസ് പ്രവാചകനും (9 : 1) ഞാൻ ഹോരേബിന്റെ മുമ്പാകെ പാറമേൽ നിൽക്കുമെന്ന് ദൈവം മോശയോടു പറയുന്നതും (പുറ 17:6)ദൈവസാന്നിദ്ധ്യമാകുന്ന മേഘം സമാഗമനകൂടാരത്തിന്മേൽ നിൽക്കുന്നതും (പുറ. 33:10) ഈ അർത്ഥത്തിൽ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു (ഏശായ 6:1) എന്ന ദർശനം തന്റെ ദൗത്യനിർവ്വഹണ (അയയ്ക്കുക, ന്യായം വിധിക്കുക) ഭാഗമായി കണക്കാക്കാം. ഇതു തന്റെ ശിഷ്യന്മാർക്ക് യേശു നൽകുന്ന അധികാരവും (മത്താ. 19:28) പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് ഉയർത്തെഴുന്നേറ്റ ദൈവപുത്രനായ യേശു നിൽക്കുന്നുവെന്ന് വി. സ്തേഫാനോസ് സാക്ഷിക്കുന്നു. (അപ്പോ. 7:56) യേശുക്രിസ്തു പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നുവെന്ന പരാമർശം (മർക്കോ. 11:12 ; എബ്രാ. 12:2) സങ്കീർത്തനം 110:1 -ാം വാക്യത്തിന്റെ ക്രിസ്തുവിലുള്ള പൂർത്തീകരണമായി പുതിയനിയമത്തിൽ ചേർക്കപ്പെട്ടതാകാം. ഏതായാലും വി. പൗലോസ് ശ്ലീഹാ യേശുക്രിസ്തു പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് ആയിത്തീർന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു എന്നു പറയുന്നിടത്ത് (റോമ. 8:34) ഇരുന്നു എന്ന വാക്ക് മലയാളവിവർത്തനത്തിലൊഴിച്ച് മൂലരൂപത്തിലോ മറ്റു സുറിയാനി, ഇംഗ്ലീഷ് വിവർത്തനങ്ങളിലോ കാണപ്പെടുന്നില്ല.

### b) ദൈവദൂതൻമാർ നിൽക്കുന്നു

ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ദൈവത്തെ സ്തുതിക്കുന്നതിനും ദൈവത്തിന്റെ ദൗത്യനിർവ്വഹണത്തിനും ദൈവദൂതൻമാർ എപ്പോഴും നിൽക്കുന്നു. (സംഖ്യ 22:23,31; 1 രാജാ. 22:19; 2 ദിന. 18:18; ഏശാ. 6:2; ലൂക്കോ. 1:11,19; വെളി. 7:1) നമ്മുടെ പ്രാർത്ഥന മാലാഖമാർ ദൈവസന്നിധിയിൽ നിത്യവും നിന്നുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നതിനോട് സംയോജിക്കപ്പെടുകയാണ്. ദൈവസന്നിധിയിലുള്ള നമ്മുടെ പ്രാർത്ഥനയ്ക്കായുള്ള ഈ നില്പിൽ നിന്ന് നമുക്കും ദൗത്യനിർവ്വഹണത്തിനുള്ള വെളിപ്പെടുത്തലുകൾ ഏശായപ്രവാചകനെന്ന പോലെ ലഭിക്കുന്നു.

നമ്മുടെ ആരാധനകളിൽ മറുബഹസാ കിലുക്കുന്നത് ദൈവസന്നിധിയിലെ ദൂതന്മാരുടെ ആഘോഷശബ്ദവുമായി നമ്മുടെ സ്തുതിപ്പുകളും സ്തോത്രങ്ങളും ചേരുന്നതിന്റെ പ്രതീകമായിട്ടാകുന്നു. വി. മദ്ബഹായിൽ യേശുക്രിസ്തുവിന്റെ സിംഹാസനമായ ത്രോണോസിനു ചുറ്റും നിൽക്കുന്ന ശുശ്രൂഷകർ ദൈവസിംഹാസനത്തിനു ചുറ്റും നിൽക്കുന്ന ദൂതന്മാരുടെ സ്ഥാനത്തായതിനാലാണ് വി. മദ്ബഹായിൽ ആരാധനാ സമയത്ത് ഇരിക്കാതെ നിൽക്കുന്നത്. എന്നാൽ യേശുവിന്റെ കൗദാശികസാന്നിധ്യം ഒരു എപ്പിസ്കോപ്പായിൽ പൂർണ്ണമായി ഇരിക്കുന്നതിനാൽ ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിന്റെയും (പ്രബോധനം അഥവാ പ്രസംഗത്തിന്) ന്യായവിധിയുടെയും പ്രതീകമായ സിംഹാസനത്തിൽ അദ്ദേഹം ഇരിക്കുന്നത്. എങ്കിലും ആരാധനയിലെ സുപ്രധാനമായ സന്ദർഭങ്ങളിൽ (അപ്പം വാഴ്ത്തൽ, പരിശുദ്ധാത്മാഹ്വാനം, തിരുശ

രീരരക്തങ്ങൾ മുറിച്ചു സംയോജിപ്പിക്കുമ്പോൾ, തിരുശരീരരക്തങ്ങൾ ഉയർത്തി ആഘോഷിക്കുമ്പോൾ, തിരുശരീരരക്തങ്ങൾ ജനത്തിനു നൽകുമ്പോൾ, വി. സുവിശേഷം വായിക്കുമ്പോൾ തുടങ്ങിയവ) രോഗികളോ ക്ഷീണിതരോ അല്ലാത്ത എപ്പിസ്കോപ്പാമാർക്ക് പോലും വി. ആരാധനയിൽ ഇരിക്കുവാൻ സഭ അനുവദിക്കുന്നില്ല.

### c) ന്യായാധിപൻമാർ ഇരിക്കുന്നു. കാര്യം ബോധിപ്പിക്കാനുള്ളവർ നിൽക്കുന്നു

എസ്ഥേർ രാജ്ഞി അഹശ്വരേശ് രാജാവിന്റെ അടുത്തുവന്നു നിന്ന് കാര്യം ബോധിപ്പിച്ചു. (എസ്ഥേർ 5: 2) "നിന്നാൾ സ്തുതിയൊടു രാജമകൾ" എന്ന ഗീതം (സങ്കീ. 45:9) രാജാവിന് സ്തുതി പാടിക്കൊണ്ടു നിൽക്കുന്ന രാജ്ഞിയുടെ വീക്ഷണത്തിൽ യേശുക്രിസ്തുവിന് സ്തുതി പാടിക്കൊണ്ടു നിൽക്കുന്ന സഭയാകുന്ന രാജ്ഞിയുടേതാണെന്ന് നമുക്കു മനസ്സിലാക്കാം. (വെളി. 19:1 -10) ന്യായാധിപനായ യേശുക്രിസ്തുവിന്റെ മുമ്പിൽ ലോകത്തിലെ മനുഷ്യരുടെ മുഴുവനായ പാപത്തിനും തന്റെ വ്യക്തിപരമായ പാപത്തിനും ശിക്ഷിക്കപ്പെടുവാൻ അർഹതയുള്ളവനെന്ന നിലയിൽ കാരുണ്യം യാചിച്ചുകൊണ്ടാണ് നാം പ്രാർത്ഥനയിൽ നിൽക്കേണ്ടത്. (സഭ. 3:1; യോഹ 8:9; അപ്പോ. 19:17; യോശുവ 20:6; സംഖ്യ 35:12 ; അപ്പോ. 25:10)

### d) യഹൂദന്മാർ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു

പ്രാർത്ഥിക്കുവാൻ യഹൂദന്മാർ നിൽക്കുന്നതുപോലെ (സങ്കീ. 122:2; യിര. 26:2 ) നാമും പ്രാർത്ഥിക്കുവാൻ നിൽക്കണമെന്ന് യേശു പഠിപ്പിക്കുന്നു. (മർക്കോ. 11:25) ചുങ്കക്കാരനും പരീശനും ദേവാലയത്തിലും വെളിയിലും നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു. കന്യകമറിയാമും യോഹന്നാനും യേശുവിന്റെ കുരിശിന്നരികെ നിന്നിരുന്നതും (യോഹ. 19:26) ഈ പ്രാർത്ഥനാ നിലയിലായിരുന്നു.

### പ്രാർത്ഥന നിന്നുകൊണ്ട് അർപ്പിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന മറ്റു വേദഭാഗങ്ങൾ

e) പ്രാർത്ഥനപോലെ തന്നെ വി. പത്രോസ് പ്രസംഗവും നിന്നുകൊണ്ട് നിർവ്വഹിക്കുന്നു. (അപ്പോ. 2:14, 5:25)

f) വെള്ള നിലയങ്കി ധരിച്ചവർ ദൈവസിംഹാസനത്തിനുമുമ്പിൽ നിന്നുകൊണ്ട് പ്രാർ ത്ഥിക്കുന്നു. പ്രാർത്ഥനയ്ക്ക് യുഗാന്ത്യവീക്ഷണത്തിൽ വെള്ള വസ്ത്രം അനിവാര്യം (വെളി. 7:9ff) മദ്ബഹായിലുള്ളവരും വി. കുർബ്ബാന അനുഭവിക്കുന്നവരും നിശ്ചയമായും ഇതു പാലിച്ചിരിക്കണമെന്ന് സഭ പഠിപ്പിക്കുന്നു.

g) മോശയും ഏലിയാവും ദൈവസന്നിധിയിൽ നിൽക്കുന്നു. (വെളി. 11:4)

h) ദൈവരക്ഷ കാണുവാൻ ഉറച്ചു നിൽക്കണം (പുറ 14:13, 2 ദിന. 20:17)



i) മോശ ദൈവത്തിന്റെ വടിപിടിച്ചുകൊണ്ടു നിൽക്കുന്നു (പുറ 17:9)

j) മോശ ദൈവതേജസ്സു കാണുവാൻ പാറമേൽ നിന്നു (പുറ 33:21)

k) പുരോഹിതൻ ജനത്തിനു മുമ്പിൽ നിൽക്കുന്നു. (സംഖ്യ 16:9)

l) മോശ സീനായ് പർവ്വതത്തിൽ ദൈവമുമ്പാകെ നിന്നു. (ആവ. 5:31)

m) ലേവ്യർ യഹോവയുടെ സന്നിധിയിൽ നിന്നുകൊണ്ട് ശുശ്രൂഷ ചെയ്യുന്നു (ആവ. 10:8 , 18:5, 7 ഹെസ. 44:11.)

n) പ്രവാചകൻ ഗെരിസിം പർവ്വതത്തിൽ നിന്നുകൊണ്ട് അനുഗ്രഹിക്കുന്നു. (ആവ. 27:12)

o) പുരോഹിതന്മാർ ദേവാലയത്തിൽ നിന്നുകൊണ്ട് യാഗം അനുഷ്ഠിക്കുന്നു. (1 രാജാ 8:11 , 2 ദിന. 5:14, ഹെസ 44:15.)

p) ഏലിയാവും ഏലീശായും ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടു നിൽക്കുന്നു. (1 രാജാ 17:1, 18:15, 2 രാജാ 5:11, 16)

q) ഏലിയാവ് അരുളപ്പാടു ലഭിക്കുന്നതിന് പർവ്വതത്തിൽ ദൈവമുമ്പാകെ നിൽക്കുവാൻ പോയി. (1 രാജാ 19:11)

r) രാവിലെയും വൈകുന്നേരത്തും ദൈവത്തെ സ്തുതിക്കുന്നത് നിന്നുകൊണ്ടായിരിക്കണം. (1 ദിന. 23:30 , സങ്കീ. 134:1, 135:2)

s) വസന്ത, മഹാമാരി മുതലായ പ്രകൃതിശാപങ്ങൾ മാറുവാൻ ദേവാലയത്തിൽ നിന്നുകൊണ്ടു പ്രാർത്ഥിക്കണം. (2 ദിന 20:9)

t) ദൈവസന്നിധിയിൽ നിന്നുകൊണ്ട് ധൂപം അർപ്പിക്കണം. (2 ദിന 29:11 , 35:5, നെഹ.9:5)

u) നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നത് നീതിമാന്റെ അവസ്ഥ. (എബ്രാ. 9:15, സങ്കീ, 1 :5, 5:5, 20:8, 24:3, യിര. 15:19, ഹെസ. 2:1 , അപ്പോ. 4:10, 14:10.)

v) ആരാധനയിൽ ഭയത്തോടെ നിൽക്കണം. (സങ്കി.4:4)

w) രാജാധിരാജാവായ ദൈവത്തെ ശുശ്രൂഷിക്കുന്നത് നിന്നുകൊണ്ടായിരിക്കണം. (ദാനി 1:5)

x) ദൈവസന്നിധിയിൽ നിന്നുകൊണ്ട് ആരാധിക്കുന്നത് വിശ്വാസികൾ ഈ ലോകജീവിതത്തിൽ തന്നെ വരുവാനുള്ള ലോകത്തിന്റെ മുന്നാസ്വാദനത്തിൽ ജീവിക്കുന്നതിന്റെ പ്രതീകം. (ലൂക്കോ 21 :36 റോമ 14:10, വെളി. 3:20, വെളി 6:17, 10:5, 15:2, 18:15, 20:12)

y) ദൈവകൃപയിലും വിശ്വാസതീഷ്ണതയിലും ക്രിസ്തു വിലുള്ള സ്വാതന്ത്ര്യത്തിലും നാം ആയിരിക്കുന്നതിന്റെ പ്രതീകമാണ് നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നത്. (റോമ. 5 :2, 14:4, 1 കോരി. 16:13, 2 കോരി. 1:24, ഗലാ. 5:1, എഫേ, 6:11,13,14, ഫിലി. 4:1, 2 തെസ്സ. 2:15)

*(തുടരും.....)*

✤

# പ.വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ

*(കഴിഞ്ഞ ലക്കം തുടർച്ച)*

31 അങ്ങിനെ തന്നെ കാതോലിക്കോസ് ഒരു മഹാഇടവകയുടെ മെത്രാപ്പോലീത്തയുടേയും ഒരു എപ്പിസ്കോപ്പൽ ഇടവകയുടെ എപ്പിസ്കോപ്പയുടേയും നിലകളിലുള്ള ഭരണം കൂടെ നടത്തുന്ന ആളാകകൊണ്ട് ആ നിലകളിൽ അദ്ദേഹം പ്രവർത്തിക്കുന്ന സകലവും ഒരു മെത്രാപ്പോലീത്തയുടേയോ എപ്പിസ്കോപ്പയുടേയോ നിലയിൽ ആയിരിക്കേണ്ടതും എന്നാൽ ആ നിലയിൽ അദ്ദേഹം ചെയ്യുന്ന എഴുത്തുകുത്തുകൾക്ക് കാതോലിക്കോസെന്നുള്ള പേരു തന്നെ ഉപയോഗിക്കാവുന്നതുമാകുന്നു.

32 മലങ്കര മെത്രാപ്പോലീത്ത എന്നുള്ള പേരും അതിനടുത്തായി ഇതുവരെ നടത്തിവന്നതായ അധികാരാവകാശങ്ങളും നിലനിറുത്താൻ വേണ്ടി കാനോനികമായ മെത്രാപ്പോലീത്തൻമാരും ആ സ്ഥാനത്തിനടുത്തായി അവർക്കുള്ള അധികാരാവകാശങ്ങളും നമ്മുടെ മലങ്കര സഭയിൽ വേണ്ട എന്നു വരുന്നത് നന്നല്ല. അതിനാൽ മലങ്കര മെത്രാപ്പോലീത്ത എന്നുള്ള സ്ഥാനവും അതിനു വിശേഷാൽ ഉള്ള അധികാരാവകാശങ്ങളും മേലിൽ വേണ്ടാ എന്നു വയ്ക്കണം.

33 വല്ല കാരണവശാലും ഈ ഘട്ടത്തിൽ അതു വേണ്ടെന്നു വയ്ക്കുന്നത് സഭയ്ക്കോ സമുദായത്തിനോ ദോഷമായി ഭവിക്കുമെന്നു നിയമവിദഗ്ദ്ധൻമാർ അഭിപ്രായപ്പെടുന്ന പക്ഷം ആ സ്ഥാനത്തിനടുത്ത അധികാരാവകാശങ്ങൾ കൂടെ കാതോലിക്കോസിൽ ലയിപ്പിച്ചു യോജിപ്പിച്ചു നടത്തുകയാണ് വേണ്ടത്. ഈ വിധം പ്രവർത്തിക്കുന്നത് ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തയ്ക്ക് വേദനയായിത്തീർന്നേക്കുമോ എന്നും ആരും ശങ്കിക്കേണ്ട ആവശ്യമില്ല. അദ്ദേഹത്തിന് അതു വേദന ഹേതുവായിത്തീരുകയില്ല.

34 അദ്ദേഹത്തിന്റെ ഈ അഭിപ്രായം ഇപ്പോൾ നടന്നുവരുന്ന സമാധാനആലോചനയ്ക്ക് ഏതെങ്കിലും വിധത്തിൽ വിഘ്നമായിത്തീർന്നേക്കുമോ എന്നും ആരും ശങ്കിക്കേണ്ട ആവശ്യമില്ല. സമാധാനത്തിനു വേണ്ടി ഈ ഘട്ടത്തിൽ അതിനെ നിലനിറുത്തേണ്ടത് ആവശ്യമെന്ന് തോന്നുന്ന പക്ഷം സമാധാനപ്പെട്ട് അത് നടപ്പിൽ വരുന്നതുവരെ ആ സ്ഥാനം വഹിക്കുന്നതിന് അദ്ദേഹത്തിന് വിരോധമുണ്ടാകുന്നതല്ലെന്നു വിശ്വസിക്കാം.

35 സമാധാനത്തിനു വേണ്ടി ഈ സ്ഥാനം വേറൊരു മേൽപട്ടക്കാരന് ഒഴിഞ്ഞുകൊടുക്കണമെന്നിരുന്നാൽ അതും അദ്ദേഹത്തിനു വളരെ സന്തോഷമായിരിക്കും. എന്നാൽ സമാധാനം ഉണ്ടാക്കി അത് നടപ്പിൽ വരുത്തുന്നതിന് ആരംഭിക്കുന്നതുവരെ അദ്ദേഹം ആ സ്ഥാനം ഒഴിയണമെന്ന് വല്ലവരും ആവശ്യപ്പെടുമോ എന്നും ആവശ്യപ്പെട്ടാൽ അദ്ദേഹം അതിനു വഴിപ്പെടുമോ എന്നും വളരെ സംശയിക്കുക തന്നെ വേണം.

36 വട്ടിപ്പണമെന്ന പേരിനാൽ അറിയപ്പെടുന്ന പൊതുസമുദായം വക പണം, ഇപ്പോൾ വളരെ കാലമായി സമുദായത്തിൽ ഭിന്നത ഉണ്ടാകുമ്പോൾ ഒക്കെയും അതിന്റെ അരങ്ങേറ്റത്തിനായി ഉപയോഗിക്കുന്ന ഒരു യുദ്ധക്കരുവാണ്. ആ പണം ചോദിച്ചാൽ ബ്രി. ഗവ. തരാതിരിക്കയില്ല. മുതലും കൂടെ പറ്റിക്കൊള്ളാമോ എന്നു മുമ്പൊരവസരത്തിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്തയോട് ബ്രിട്ടീഷ് ഗവ. ആവശ്യപ്പെട്ടതിനാൽ ഇത് സാധിക്കാത്ത ഒരു സംഗതി അല്ലെന്നു നിശ്ചയമാണ്.

37 വട്ടിപ്പണവും പലിശയും വാങ്ങി തിയോളജിക്കൽ കോളേജിന് ഒരു നല്ല കെട്ടിടം പണിയിക്കുന്നതിന് ഉപയോഗിക്കുന്നത് നന്നായിരിക്കും. ഈ വിധം സാധിക്കുന്ന പക്ഷം മലങ്കര മെത്രാപ്പോലീത്ത ട്രസ്റ്റിയും കോ ട്രസ്റ്റികളും എന്നുള്ള ആവശ്യം തന്നെ ഉണ്ടാകുന്നതല്ലല്ലോ.

38 ആത്മികവും ലൗകികവുമായ സഭാ ഭരണത്തിന്റെ മൗലികതത്വം എപ്പിസ്കോപ്പൽ ആയിരിക്കണമെന്നു മേൽ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ലൗകികത്തിന്റെ ഭരണത്തിൽ പട്ടക്കാരുടെയും അത്മായക്കാരുടെയും സംബന്ധവും സഹകരണവും കൂടെ ഉണ്ടായിരിക്കുന്നത് മേൽപ്പട്ടക്കാരെ സംബന്ധിച്ചുള്ള മതിപ്പും വിശ്വാസവും വർദ്ധിക്കുന്നതിനും പൊതുജനങ്ങൾക്ക് സഭാസംബന്ധമായ സംഗതികളിൽ കൂടുതൽ താൽപര്യവും ആകാംക്ഷയും ഉണ്ടാകുന്നതിനും വളരെ സഹായിക്കുന്നതാകുന്നതുകൊണ്ട് ഇതിൽ അവർക്കും ചില അധികാരാവകാശങ്ങളും കൈകാര്യകർതൃത്വങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

39 വി. മാമോദീസാ കൈക്കൊണ്ടവരും മാമോദീസായ്ക്കുശേഷം മേൽ 29-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന വിശ്വാസാചാരങ്ങൾ അനുഷ്ഠിക്കുന്നവരും അവരവരുടെ പ്രായമനുസരിച്ച് അനുഷ്ഠിപ്പാൻ തയ്യാറുള്ളവരും ആയി സ്ത്രീപുരുഷഭേദം കൂടാതെ വൃദ്ധന്മാരും യൗവനക്കാരും ശിശുക്കളുമായ ആബാലവൃദ്ധം മുഴുവനും നമ്മുടെ വിശുദ്ധ സഭയുടെ അംഗങ്ങളായി ഗണിക്കപ്പെടുന്നതാകുന്നു. ഇവയിൽ പട്ടത്വം, വിവാഹം എന്നിവ രണ്ടും സഭയുടെ അംഗത്വത്തിന് നിർബന്ധമുള്ളതല്ല.

40 ഓരോ പള്ളിയിടവകയ്ക്കും ഓരോ പൊതുയോഗമുണ്ടായിരിക്കണം.

41 18 വയസ്സിനുമേൽ പ്രായമുള്ളവരായി ഓരോ ഭവനത്തിലെയും കാരണവന് അല്ലെങ്കിൽ കാരണവത്വം നടത്തുന്ന ആളിന് ഈ പള്ളി ഇടവക പൊതുയോഗത്തിന്റെ അംഗമായിരിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും ഭവനത്തിലെ കാരണവത്വമോ കാരണവത്വഭരണമോ ഒരു സ്ത്രീയ്ക്കായിരുന്നാൽ ആ സ്ത്രീയുടെ മനസ്സുപോലെയുള്ള ഒരു പുരുഷനെ ആ സ്ത്രീയ്ക്ക് പകരം നിയമിക്കാവുന്നതാണ്.

42 കശ്ശീശ്ശൻമാർ, ശെമ്മാശ്ശൻമാർ, കപ്യാരൻമാർ എന്നീ വൈദിക ശുശ്രൂഷകൻമാരും ഈ പള്ളി ഇടവക പൊതുയോഗത്തിന്റെ അംഗത്വത്തിന് അവകാശികളാണ്.

43 ഓരോ പള്ളി ഇടവകയ്ക്കും ഓരോ പള്ളി ഇടവക പൊതുയോഗം കൂടാതെ ഓരോ പള്ളി ഇടവക മാനേജിംഗ് കമ്മറ്റിയും ഉണ്ടായിരിക്കണം.

44 ഈ പള്ളി ഇടവക മാനേജിംഗ് കമ്മറ്റിയിലെ പട്ടക്കാരെ ഒഴിച്ചുള്ള ശേഷം കമ്മറ്റി അംഗങ്ങളെയും സെക്രട്ടറിയെയും പള്ളി കൈക്കാരൻമാരെയും കപ്യാരൻമാരെയും ഓരോ പള്ളിയുടെ ശക്തിക്കും ആവശ്യത്തിനും സൗകര്യത്തിനും തക്കപോലെയുള്ള മാനേജരൻമാർ കണക്കൻമാർ കണക്കുപരിശോധകൻമാർ മുതലായി ശമ്പളത്തിലോ ശമ്പളം കൂടാതെയോ ഉള്ള ഉദ്യോഗസ്ഥൻമാരെയും തെരഞ്ഞെടുപ്പാനുള്ള അവകാശം പള്ളി ഇടവക പൊതുയോഗത്തിനിരിക്കുന്നതും ആ തെരഞ്ഞെടുപ്പ് വോട്ടുമൂലം നടത്താവുന്നതുമാണ്. പള്ളി ഇടവക മാനേജിംഗ് കമ്മറ്റിയുടെ ആലോചനയിൽ പെടേണ്ടതും അവർ ആലോചിച്ചു പ്രവർത്തിക്കേണ്ടതുമായ എന്തെങ്കിലും വിശേഷാൽ സംഗതിയോ ചുമതലയോ ഉള്ളതായി പള്ളി ഇടവക പൊതുയോഗം കൂടുന്ന സന്ദർഭത്തിൽ കണ്ടാൽ അതു പള്ളി ഇടവക പൊതുയോഗത്തിന്റെ അഭിപ്രായമായി ഗണിച്ചു പ്രവർത്തിക്കേണ്ട ചുമതല പള്ളി ഇടവക മാനേജിംഗ് കമ്മറ്റിക്ക് ഇല്ലാത്തതുമാകുന്നു.

45 പള്ളി ഇടവക പൊതുയോഗത്തിന്റെ സെക്രട്ടറി തന്നെ പള്ളി ഇടവക മാനേജിംഗ് കമ്മറ്റിയുടെയും സെക്രട്ടറിയായിരിക്കണം.

46 ഇവിടെ പള്ളി ഇടവക മാനേജിംഗ് കമ്മറ്റിയുടെയും വികാരി, കൈക്കാരൻ, സെക്രട്ടറി മുതലായവരുടെയും ചുമതല, അധികാരം, അംഗങ്ങളുടെ സംഖ്യ, കോറം മുതലായതു വിവരിക്കണം.

47 വികാരിയെ നിയമിക്കുന്നതിനുള്ള അധികാരം ഇടവക എപ്പിസ്കോപ്പയ്ക്ക് ഇരിക്കുന്നതാകുന്നു.

48 പള്ളി ഇടവക പൊതുയോഗത്തിന്റെ അഭിപ്രായം കൂടെ അറിഞ്ഞ് ഓരോ ഇടവക പള്ളിയ്ക്കും ശെമ്മാശ്ശന്മാരെ ആദ്യപട്ടം കൊടുത്തു നിയമിക്കുന്നതിനും ശെമ്മാശൻമാരുടെയും കശ്ശീശൻമാരുടെയും സ്വഭാവം, പട്ടത്വം മുതലായതു പരിശോധിച്ചോ, പരിശോധിപ്പിച്ചോ അറിഞ്ഞ് അവരവരുടെ പദവിക്കടുത്ത പട്ടം കൊടുത്തു നിയമിക്കുന്നതിനുള്ള അധികാരവും അവകാശവും ഇടവക എപ്പിസ്കോപ്പയ്ക്ക് ഇരിക്കുന്നതുമാകുന്നു.

(തുടരും.....)

# മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന
## ഒരു ലഘുവിചിന്തനം

ഫാ. ഡോ. ജേക്കബ് കുര്യൻ (വൈസ് പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി)

*(കഴിഞ്ഞ ലക്കം തുടർച്ച)*

(ix) 1879 ൽ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ പാലക്കുന്നത്തു തോമസ് അത്താനാസ്യോസിനെതിരെ ഫയൽ ചെയ്ത സെമിനാരി കേസിൽ, പുലിക്കോട്ടിൽ തിരുമേനി സമർപ്പിച്ച ഹൂദായകാനോൻ പതിപ്പിൽ പാത്രിയർക്കീസിന് പൗരസ്ത്യ സഭയുടെ മേൽ അധികാരമുള്ള ചില വകുപ്പുകൾ ഉണ്ടായിരുന്നു. (ഈ പതിപ്പ് വൈകല്യമുള്ളതാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടുവെങ്കിലും, മലങ്കര സഭയുടെ അംഗീകൃത കാനോൻ ഹൂദായ കാനോനാണെന്നും പാത്രിയർക്കീസിന് ഉന്നതമായ ഒരു സ്ഥാനം സഭയിലുണ്ടായിരിക്കണമെന്നും, ഇതുമൂലം വന്നുകൂടി.)

(x) 1879 ലെ സെമിനാരി കേസിൽ, എതിർകക്ഷിയായ തോമസ് അത്താനാസ്യോസ് ഹാജരാക്കിയ മലങ്കരകാനോൻ പലതുകൊണ്ടും ശ്രദ്ധേയമാണ്. 15 അദ്ധ്യായങ്ങളുള്ള പ്രസ്തുത കാനോൻ യഥാർത്ഥത്തിൽ ഒരു ഭരണഘടന രൂപമാണ്. (ആയത് അന്ന് നടപ്പിലിരുന്ന വ്യവസ്ഥകളാണോ എന്നത് സംശയാസ്പദമാണ് എങ്കിലും അതിന് തദ്ദേശീയമായ ഒരു ഭരണരീതിയുടെ പല നല്ല ലക്ഷണങ്ങളും ഉണ്ട്.

(xi) 1889 ലെ റോയൽ കോടതി വിധിയിൽ (സെമിനാരി കേസ്) മലങ്കരമെത്രാൻ, പാത്രിയർക്കീസിനാൽ അംഗീകരിക്കപ്പെട്ടും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടും ആയ നാട്ടുകാരനായ മെത്രാനായിരിക്കണം എന്നു സൂചന നൽകി. (ഈ വിധിയുടെ ചുവടുപിടിച്ചാണ് മലങ്കരസഭാ ഭരണഘടനയിൽ മലങ്കര മെത്രാപ്പോലീത്തയെക്കുറിച്ചും പാത്രിയർക്കീസിനെക്കുറിച്ചും ഉള്ള വകുപ്പുകൾ രൂപപ്പെട്ടത്.)

(xii) 1909 ൽ സെന്റ് ക്രിസോസ്റ്റം സൊസൈറ്റിയുടേതായി മലയാളമനോരമ പ്രസിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച ലഘുലേഖയാണ് സുറിയാനി സഭാഭരണം എന്നത്. ഇതിന്റെ പ്രധാന ഊന്നൽ ജനായത്തപരമായ അനേകകാര്യങ്ങളിലാണ്. മലങ്കര സുറിയാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി, സമുദായം വക സ്വത്തുക്കളുടെ ഭരണം, ഇടവക ഭരണം മുതലായ വകുപ്പുകളിൽ അയ്മേനികളുടെ നിർണ്ണായകസ്ഥാനം ഈ രേഖ വ്യക്തമാക്കുന്നു. (ഒരുപക്ഷേ വളർന്നു വന്നിരുന്ന എപ്പിസ്കോപ്പൽ ഊന്നലിനെ ചെറുത്തുനിൽക്കുവാനുള്ള ഒരു പരിശ്രമം ആയിരുന്നിരിക്കാം ഇത്. ഏതായാലും മലങ്കരസഭ എപ്പിസ്കോപ്പലാണോ, കോൺഗ്രിഗേഷണൽ ആണോ എന്നചർച്ച സുപ്രീം കോടതിയിൽ പോലും നടന്നതിനു പിന്നിൽ, മേല്പറഞ്ഞ ലഘുലേഖയുടെ ഒരു പിന്തുടർച്ചാതരംഗം ശ്രദ്ധിക്കപ്പെടേണ്ടതാണ്)

(xiii) 1912 ലെ മലങ്കര കാതോലിക്കേറ്റിന്റെ ആവിഷ്കരണം, മലങ്കരസഭാ ഭരണഘടനയിൽ ശ്രദ്ധേയമായ ഒരു സ്ഥാനം അലങ്കരിച്ചു.

(xiv) 1928/29 ൽ റാവുസാഹിബ് ഒ.എം. ചെറിയാൻ തയ്യാറാക്കിയ നിയമസംഹിത എന്ന ലഘുലേഖ മലങ്കരസഭാ ഭരണഘടനയുടെ ഏറ്റവും പ്രാഥമിക രേഖയാണ്.

(xv) 1932 ൽ വട്ടശ്ശേരിൽ തിരുമേനി സ്വതന്ത്രമായി തയ്യാറാക്കിയ ഭരണഘടനാ നക്കൽ അതിപ്രധാനമായ ഒരു രേഖയാണ് (ഇതിലെ ചില വകുപ്പുകൾ അതേപടി, മലങ്കരസഭാ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇതിലെ സഭാദർശനം എങ്ങനെയോ അവഗണിക്കപ്പെട്ടുപോയി.)

(xvi) 1932/33 ൽ സഭാ ഭരണഘടന സബ്കമ്മറ്റി തയ്യാറാക്കിയ മലങ്കരസഭാ ഭരണഘ

ടനയുടെ നക്കൽ രൂപം ഘടനയിൽ മാത്രം ചില മാറ്റങ്ങൾ വരുത്തി മിക്കവാറും അതേ പടിയാണ് 1934 ലെ അസോസിയേഷനിൽ പാസാക്കിയത്. (നക്കലിന്റെ ഘടനയിൽ മാത്രം ചില വ്യത്യാസങ്ങൾ വരുത്തി) 26 അദ്ധ്യായങ്ങളും 144 വകുപ്പുകളും ഉണ്ടായിരുന്നവ, ഭരണഘടനയിൽ 13 അദ്ധ്യായങ്ങളും 127 വകുപ്പുകളും ആയി മാറി.

(1934 ലെ ഭരണഘടനയുടെ 121-ാം വകുപ്പനുസരിച്ച് 1951 ൽ ഭേദഗതികൾ വരുത്തുകയും ഭേദഗതി വരുത്തിയ ഭരണഘടനയുടെ 127- ാം വകുപ്പനുസരിച്ച് ഭേദഗതികൾ 1967ൽ വരുത്തുകയും ഭരണഘടനയിൽ 134 വകുപ്പുകൾ ആക്കുകയും ചെയ്തു. കൂടാതെ സുപ്രീം കോടതി 1996 ലും 1997 ലും ഇറക്കിയ ഉത്തരവിൻ പ്രകാരം ഭരണഘടനയുടെ 46, 71 വകുപ്പുകളും ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. 2006 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം ഭരണഘടനയുടെ 46, 71 ഭേദഗതികൾ ഉൾപ്പെടെ വകുപ്പുകൾ 6, 57, 61, 79, 84, 103, 110, 120 എന്നിവയ്ക്കും ഭേദഗതികൾ ഉണ്ടാവുകയും 135-ാം വകുപ്പായി ഒന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു.)

### 3. നിലവിലിരിക്കുന്ന സഭാ ഭരണഘടനയിൽ നിഴലിക്കുന്ന സഭാഭരണദർശനവും അടിസ്ഥാനതത്വങ്ങളും ഒരു വിലയിരുത്തൽ

### a. ഭരണഘടനയിലെ സഭാഭരണദർശനം ഒരു വിലയിരുത്തൽ

ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കാതോലിക്കായും, മലങ്കര ഓർത്തഡോക്സ് സഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ പ്രധാന ഭരണഭാരവാഹികളായ മലങ്കര മെത്രാപ്പോലീത്തയും ഇടവക മെത്രാപ്പോലീത്തയും മെത്രാസന കൗൺസിലും, മെത്രാസന ഇടവക യോഗവും, ഇടവക വികാരിയും, കൈക്കാരനും ഇടവക മാനേജിംഗ് കമ്മറ്റിയും ഇടവകയോഗവും ഉൾപ്പെട്ട ഒരു സഭാഭരണദർശനം ആണ് മലങ്കര സഭാ ഭരണഘടനയ്ക്കുള്ളത്. ഇത് പ്രധാനമായും 1934 ലെ സഭാ സാഹചര്യങ്ങളെയും അതുവരെയുള്ള ഭരണസംവിധാനങ്ങളെയും ചേർത്തുകൊണ്ടുപോകുവാനുള്ള ഒരു ശ്രമത്തിന് അനിവാര്യമായ സഭാഭരണദർശനം എന്നേ പറയാനൊക്കൂ. ഇന്നത്തെ സഭാസാഹചര്യങ്ങളെയും ഭാവിയിലേക്കുള്ള ഒരു സഭാദർശനത്തെയും ഗൗരവതരമായിട്ടെടുക്കുകയാണെങ്കിൽ ഒരു സമഗ്രസഭാഭരണദർശനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് തോന്നുന്നു.

(i) ഒരു സഭാ ഭരണഘടനയെന്നുപറഞ്ഞാൽ അതിൽ, നിറഞ്ഞുനിൽക്കുന്ന ഒരു ആത്മീയ താമനം ഉണ്ടായിരിക്കണം. ദൈവരാജ്യം, നിത്യജീവൻ, ക്രൈസ്തവസാക്ഷ്യം മുതലായ കാര്യങ്ങളെ ദൈവവചനവും വിശുദ്ധപാരമ്പര്യവുമായി ബന്ധിച്ച് സഭാംഗത്വത്തെ നിർവ്വചിക്കുകയും സഭാംഗത്വത്തിലേക്ക് വരുന്നതെങ്ങനെ, അംഗത്വത്തിൽ തുടരുന്നതെങ്ങനെ, അംഗത്വത്തിൽ നിന്ന് പുറത്താകുന്നതെങ്ങനെ എന്ന് വ്യക്തമാക്കുകയും ചെയ്യുന്ന വകുപ്പുകൾ ഉണ്ടാവുകയും ചെയ്യണം.

(ii) ഒരു സഭാഭരണഘടനയ്ക്ക് രണ്ട് പ്രധാന വശങ്ങൾ ഉണ്ടായിരിക്കണം. ഒന്ന്, നിയമങ്ങൾ, മാനദണ്ഡങ്ങൾ, അടിസ്ഥാനതത്വങ്ങൾ എന്നിവ വ്യക്തമാക്കുന്ന കാനോനാകൾ, രണ്ട് മേല്പറഞ്ഞ കാനോനാകളുടെ പ്രായോഗികത്വവുമായി ബന്ധപ്പെട്ട നടപടി മാർഗ്ഗനിർദ്ദേശങ്ങൾ. ഇതിൽ മലങ്കരസഭാ ഭരണഘടനയ്ക്ക് ആധാരമായി പറയുന്ന ഹൂദായകാനോൻ, ഒരു സഭാകാനോൻ എന്ന നിലയിൽ കാലികപ്രസക്തി നഷ്ടമായ, പരിമിതികൾ ഏറെയുള്ള, പുരാതനമായ, ഒരു രേഖയാണ്. അതിൽ നിന്ന് സ്വീകരിക്കേണ്ടവയെ സ്വീകരിച്ചുകൊണ്ട്, സഭയ്ക്ക് ഒരു പുതിയ കാനോൻ ഉണ്ടാകേണ്ടത് ആവശ്യമാണ്. സഭയുടെ വിശ്വാസസംരക്ഷണം, കൗദാശികജീവിതം, ആരാധന, നോമ്പ്, പെരുന്നാളുകൾ, ഞായറാഴ്ച, പള്ളി, പള്ളി വരുമാനങ്ങൾ, പട്ടത്വനിർവ്വഹണം, വിവാഹം, കുടുംബജീവിതം, പിന്തുടർച്ചാവകാശങ്ങൾ, ആത്മീയപ്രസ്ഥാനങ്ങൾ, സന്യാസജീവിതം, ക്രിസ്തീയബോധനം, വൈദികപരിശീലനം, മിഷൻ, എക്യുമെനിക്കൽ ബന്ധങ്ങൾ, മതസൗഹാർദ്ദം, പരിസ്ഥിതിധർമ്മം, അത്മായ പരിശീലനം, മാധ്യമങ്ങൾ, സാമൂഹ്യസാക്ഷ്യം, സാമ്പത്തിക കാര്യവിചാരകത്വം, സ്ത്രീ യുവജനപങ്കാളിത്തം മുതലായ വിഷയങ്ങളോട് ബന്ധപ്പെട്ട് ആവശ്യമായ നടപടി മാർഗ്ഗനിർദ്ദേശങ്ങൾ ഒരു ആഗോള സഭാസംവിധാനത്തിൽ ഉരുത്തിരിയണം. ഈ വിഷയത്തിൽ ഇന്നും മാർഗ്ഗനിർദ്ദേശകം ആകാവുന്ന രേഖയാണ് 1879 ലെ "മലങ്കര കാനോൻ".

(iii) സഭാഭരണ വ്യവസ്ഥിതിയിൽ അനിവാര്യമായ രണ്ടു ഘടകങ്ങൾ ആണ്, ഏകോപനവും, വികേന്ദ്രീകരണവും. ഇവ രണ്ടും സമന്വയിച്ചു പോകുന്നിടത്തേ ഭരണം കാര്യക്ഷമമാകൂ. ഇപ്രകാരം ഏകോപനവും, വികേന്ദ്രീകരണവും ഇന്നത്തെ ഭരണഘടനയിൽ മതിയായ വിധത്തിൽ ഉണ്ടോ എന്ന് സംശയമാണ്. എന്നാൽ അവയെ കുറെയേറെ ഉൾക്കൊണ്ട ഒരു രേഖയായിരുന്നു 1932 ൽ വട്ടശ്ശേരി തിരുമേനി നിർദ്ദേശിച്ച ഭരണഘടനാ നക്കൽ (അതിനെക്കുറിച്ചുള്ള ഒരു ഗൗരവതരമായ പഠനത്തിന് ഇന്നും പ്രസക്തിയുണ്ട്.)

(iv) മലങ്കരസഭാ ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനുള്ള സ്ഥാനം "പൗരസ്ത്യ ഓർത്തഡോക്സ് സഭ" എന്ന പദപ്രയോഗത്തിന്റെ പ്രസക്തി, മലങ്കര മെത്രാപ്പോലീത്തയ്ക്കും കാതോലിക്കായ്ക്കും ഉള്ള അധികാര, സ്ഥാനങ്ങളുടെ വ്യക്തത മുതലായവ പുനർ വിചിന്തനം ചെയ്ത പുനർനിർണ്ണയിക്കേണ്ടത് അത്യാവശ്യമാണ്. 1932 ലോ1934 ലോ ആയിരുന്ന ചരിത്ര സാഹചര്യമല്ല ഇരുപത്തൊന്നാം നൂറ്റാണ്ടിലേത്.

(v) ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്ന് എന്ന നിലയിൽ ബാക്കിയുള്ള ഓറിയന്റൽ സഭകളുമായി വി. കുർബ്ബാനസംസർഗ്ഗം പാലിക്കുന്നതിലും, അന്ത്യോഖ്യൻ സുറിയാനി സഭയുമായി സുറിയാനി ''പൈതൃകം'' പ്രത്യേകമായി പങ്കിടുന്നതിലും അധികമായി, മലങ്കര ഓർത്തഡോക്സ് സഭയെ ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു ''വിഭാഗം'' എന്നും പൗരസ്ത്യ സുറിയാനി സഭയിൽ ''ഉൾപ്പെട്ടതും'' എന്നൊക്കെ വിശേഷിപ്പിക്കേണ്ട ആവശ്യമില്ല എന്ന തിരിച്ചറിവ് ഭരണഘടനയിലും പ്രതിഫലിക്കുവാൻ സമയമായിട്ടുണ്ട്.

(vi) മാർത്തോമ്മാ ശ്ലീഹായിൽ കൂടി മലങ്കര സഭയ്ക്കു ലഭ്യമായിട്ടുള്ള പൗരോഹിത്യ പിന്തുടർച്ചാ പൂർണ്ണത, അപ്പോസ്തോലികവും തദ്ദേശീയവുമായ പുരാതന സഭാ പൈതൃകം, സാർവ്വത്രിക സുന്നഹദോസുകളുടെ സത്യവിശ്വാസത്തിലുള്ള അടിസ്ഥാനം, മുതലായവ വ്യക്തമാക്കുന്ന ഒരു സ്വത്വ ദർശനം ഭരണഘടനയിൽ വ്യക്തമാക്കുവാൻ ഇനിയും സാധിക്കേണ്ടിയിരിക്കുന്നു.

### b. മലങ്കരസഭാ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ : ഒരു വിലയിരുത്തൽ

മലങ്കരസഭാ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ മൂന്ന് എണ്ണം ആണെന്നു തോന്നുന്നു.

(i) സമവായതത്വം

(ii) തദ്ദേശീയവും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം

(iii) എപ്പിസ്കോപ്പസിയും ജനായത്ത രീതിയും തമ്മിലുള്ള സന്തുലനം

ഇവയെക്കുറിച്ചുള്ള ലഘുവായ ഒരു ചർച്ചയിലേക്ക് പ്രവേശിക്കാം.

### (i) സമവായതത്വം

ഭിന്നിച്ചു നിൽക്കുന്ന രണ്ടു കക്ഷികളെ ഒന്നിപ്പിക്കുവാൻ, സമവായതത്വത്തോടെ രൂപപ്പെടുത്തിയ ഒരു ഭരണഘടനയ്ക്ക് കഴിഞ്ഞേക്കും എന്ന നിഷ്കളങ്ക സങ്കല്പം മലങ്കരസഭാ ഭരണഘടനയ്ക്കു പിന്നിലുണ്ട്. പക്ഷേ ഈ സങ്കല്പം ലക്ഷ്യം കണ്ടില്ല എന്നത് ഒരു ചരിത്ര സത്യമാണ്. ഈ അപകടസാദ്ധ്യത, വട്ടശ്ശേരിൽ തിരുമേനി വ്യക്തമായി മുൻകണ്ടിരുന്നുവെന്ന് 1932 ൽ അദ്ദേഹം കുറിച്ചിട്ട വാക്കുകൾ തെളിയിക്കുന്നു. അദ്ദേഹം അന്നെഴുതി. ഒന്നുകിൽ രണ്ടുകൂട്ടരും ചേർന്ന് ഭരണഘടനയുണ്ടാക്കണം. അല്ലെങ്കിൽ ഭരണഘടന ആരുണ്ടാക്കുന്നുവോ അവരുടെ സുഗമമായ ഭാവിക്ക് പര്യാപ്തമായ രീതിയിൽ ആയിരിക്കണം എന്ന്. മറുപക്ഷം അംഗീകരിച്ചു കൊള്ളും എന്ന വ്യാമോഹത്തോടെ സ്വയം കൂച്ചിക്കെട്ടിയ അനുഭവമാണുണ്ടായതെന്ന് ആരെങ്കിലും നിരീക്ഷിച്ചുപോയാൽ അതിൽ വലിയ കുറ്റം പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതു കൊണ്ട് പഴയ സമവായതത്വത്തിന്റെ അപ്രായോഗികതയെ ചരിത്രത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിഞ്ഞ്, വ്യക്തതയുള്ള വകുപ്പുകൾ പ്രഖ്യാപന ഭാഗത്ത് ചേർക്കുകയോ, ഇനിയും അനുരഞ്ജന സാദ്ധ്യതയുണ്ടെങ്കിൽ പുതിയ ഒരു സമവായതത്വത്തിനനുസൃതമായി "വ്യാഖ്യാന"വൈപരീത്യം സംഭവിക്കാത്ത തരത്തിൽ ഇരുകൂട്ടരും ചേർന്ന് സഭാഭിന്നതയെ മറികടക്കുന്ന ഭരണഘടനാഭേദഗതികൾ വരുത്തുകയോ ചെയ്യുന്നത് അഭികാമ്യമായിരിക്കും.

### (ii) ഭരണക്രമത്തിലെ തദ്ദേശീയതയും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം

മലങ്കര സഭയുടെ തദ്ദേശീയവും, പൗരാണികവും, സ്വതന്ത്രവുമായ ഭരണവ്യവസ്ഥിതിയുടെ പിന്തുടർച്ചയാണ് "മലങ്കര മെത്രാപ്പോലീത്ത" സ്ഥാനം. പഴയ "ജാതിക്കുകർത്തവ്യ"-

ന്റെയും "അർക്കദിയാക്കോ"ന്റെയും "മാർത്തോമ്മ" യുടെയും തുടർച്ചയാണ് അത്. അതിനോട് സാർവ്വ ത്രിക സഭാവ്യവസ്ഥിതിയെ ബന്ധിക്കുവാനായി ട്ടാണ് കാതോലിക്കാ സ്ഥാനം മലങ്കരയിൽ ആവി ഷ്കരിച്ചത്. ഈ പൊരുത്തശ്രമം പ്രായോഗിക മായി ഭരണഘടനയിൽ എത്രമാത്രം വിജയിക്കും എന്നതിലുപരി, താത്വികമായി എത്രമാത്രം ശ്രേഷ്ഠമാണ് എന്ന് ചർച്ചയായിരുന്നു അന്നു സജീ വം. മാർത്തോമ്മാശ്ലീഹയുടെ തന്നെ ശ്ലൈഹിക പാരമ്പര്യത്തിൽ പേർഷ്യൻ സഭയിൽ രൂപപ്പെട്ട സ്വതന്ത്രകാതോലിക്കേറ്റ് സജീവമല്ലാതിരുന്ന സാഹചര്യത്തിൽ അന്ത്യോഖ്യാ പാത്രി യർക്കീസിന്റെ സഹകരണത്തോടെ ഭാരതത്തിലെ മാർത്തോമ്മൻ പൈതൃകത്തിൽ അതിനെ ആവി ഷ്കരിച്ചപ്പോൾ ഇവിടെ നൂറ്റാണ്ടുകളായി നിലനി ന്നുവന്ന സഭാഭരണവ്യവസ്ഥിതിയെ നിലനിർത്തു വാനും ശ്രദ്ധിച്ചത് പ്രശംസാർഹമാണ്. എന്നാൽ ഇന്ന് രണ്ടു സ്ഥാനങ്ങളും ഒരാളിൽ സമ്മേളിച്ചിരി ക്കുമ്പോൾ രണ്ടിന്റെയും അധികാരാവകാശങ്ങൾ രണ്ടായി ഭരണഘടനയിൽ കൊടുക്കുന്നത് ചില സാഹചര്യങ്ങളിലെങ്കിലും കാതോലിക്കാസ്ഥാന ത്തിന്റെ ശോഭ കുറച്ചുകളയുന്നുണ്ട്. എപ്പിസ്കോ പ്പൽ സുന്നഹദോസിന്റെ പ്രസിഡന്റ് എന്ന നില യിൽ കാതോലിക്കാസ്ഥാനത്തിന്റെയും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന്റെയും അധികാരാ വകാശങ്ങളെ സമന്വയിപ്പിച്ച ഒരു ഭരണഘടനാ ഭേദ ഗതിക്ക് പ്രസക്തിയുണ്ടെന്നു തോന്നുന്നു.

**(iii) എപ്പിസ്കോപ്പസിയും ജനായത്ത രീതിയും തമ്മിലുള്ള സന്തുലനം**

ഭരണഘടനയുടെ രൂപത്തിനിടയാക്കിയ ചരിത്രസാഹചര്യം തന്നെ എപ്പിസ്കോപ്പസിയു ടെയും ജനായത്ത രീതിയുടെയും തമ്മിൽ വളർന്നുവന്നിരുന്ന (മറയ്ക്കുള്ളിൽ സജീവ മായിരുന്ന) ഒരു അധികാരവിലപേശലായിരുന്നു, മലങ്കരസഭാ ഭരണഘടനയിൽ ഇതിൽ ഒരു സന്തു ലനം ഉറപ്പാക്കുവാനുള്ള വ്യഗ്രത വ്യക്തമാണ്. പക്ഷേ, ആത്യന്തികമായി എപ്പിസ്കോപ്പസിയുടെ വിജയം തന്നെയാണ് ഭരണഘടനയിലെ അധികാ രമർമ്മങ്ങളുടെ സൂചന. സഭയുടെ ശ്രേയസ്സിനായി ഇച്ഛാശക്തിയോടും കാര്യക്ഷമതയോടും പ്രവർത്തിക്കാൻ ശ്രമിക്കുന്ന എപ്പിസ്കോപ്പസിക്ക് അതിന് പൂർണ്ണസ്വാതന്ത്ര്യം ഉറപ്പാക്കുന്ന വകുപ്പു കൾ ഭരണഘടനയിലുണ്ട്. എന്നാൽ എപ്പോഴെ ങ്കിലും അതിന് മുന്നിട്ടിറങ്ങുവാൻ സാധിക്കാതെ വരുമ്പോൾ, സകല കുഴപ്പത്തിനും ജനായത്ത രീതിയിൻമേൽ പഴി ചാരാവുന്ന വകുപ്പുകളും ഭര ണഘടനയിൽ ഉണ്ട്. ഈ സാദ്ധ്യതകൾ മനസ്സി ലാക്കി, ഭരണഘടനയിലെ എപ്പിസ്കോപ്പൽ ജനാ യത്ത സന്തുലനത്തെ ശരിയായ പാതയിൽ സഭയ്ക്ക് (വ്യക്തിഗതമായ പ്രതിച്ഛായയ്ക്കല്ല) മുതൽക്കൂട്ടുവാൻ ഇച്ഛാശക്തിയും, കാര്യക്ഷമ തയും സുതാര്യതയും ഉള്ള സഭാനേതൃത്വത്തിന് ഇന്നും കഴിയും എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ വിചിന്തനം ഉപസംഹരിക്കുന്നു.

✤

---

## സണ്ടേസ്കൂൾ മത്സരപ്പരീക്ഷവിജയികൾ

ജനുവരി 1 ന് നടന്ന സണ്ടേസ്കൂൾ അസോസിയേഷൻ മത്സരപ്പരീക്ഷയ്ക്ക് ഭദ്രാസനത ലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരുടെ ക്ലാസ്, പേരുവിവരം എന്നിവ യഥാക്രമം.

Class V : **Angelin Andrews** (Valamboor) & **Basil Anil** (Onakkoor) (I^St^)
**Tajymol Joy** (Memmury) (II^nd^)

VI : **Inus Paulose** (Onakkoor) (I^St^)
**Aleena Mary Ben** (II^nd^) (Pampakuda – St. John's)

VII : **Ansa Joy** (I^St^) (Pampakuda – St. John's)
**Amy Alias** (Ooramana) (II^nd^)

VIII : **Milka Sara Thomas** (Onakkoor) (I^St^)
**Milu Mathew** (Kizhumuri) (II^nd^)

IX : **Mizpha Sara Sunny** (Pampakuda – St. John's) & **Jorly Jose** (Onakkoor) (I^St^)
**Anju Joy** (Onakkoor) (II^nd^)

X : **Nidhin Jose Abraham** (Ooramana) (I^St^)
**Kesiya Kuriakose** (Onakkoor) & **Sheba Susan Abraham** (Puthuvely) (II^nd^)

XII : **Rosan Abraham** (Kadamattom) (I^St^)
**Minu Mathew** (Onakkoor) (II^nd^)

***പ്രദീപ്തിയുടെ അനുമോദനങ്ങൾ***



# സഭാ ശുശ്രൂഷയിലെ രണ്ടു പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം

ഫാ. ജോസ് തോമസ്

*"ഞാൻ മാസിഡോണിയയിലേക്ക് പോകുമ്പോൾ നിന്നോട് ആവശ്യപ്പെട്ടതുപോലെ നീ എഫെസൊസിൽ താമസിക്കുക. അവിടെ അന്യഥാ ഉപദേശങ്ങൾ പഠിപ്പിക്കുകയും അന്തമില്ലാത്ത വംശാവലിയിൽ ശ്രദ്ധചെലുത്തുകയും ചെയ്യുന്ന ചിലരുണ്ട്. അവർ അങ്ങിനെ ചെയ്യാതിരിക്കുവാൻ ആജ്ഞാപിക്കേണ്ടിയിരിക്കുന്നു. വിശ്വാസത്തിലുള്ള ദൈവിക വ്യവസ്ഥിതിയേക്കാൾ അധികമായി വിവാദപരമായ പ്രശ്നങ്ങൾ ഉളവാക്കുന്നതിനു മാത്രമേ അവ ഉപകരിക്കുകയുള്ളൂ. നാം അവരോട് ആജ്ഞാപിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം ശുദ്ധഹൃദയത്തിൽ നിന്നും നല്ല മനസാക്ഷിയിൽ നിന്നും കാപട്യമില്ലാത്ത വിശ്വാസത്തിൽ നിന്നും ഉളവാകുന്ന സ്നേഹമാണ്. ചിലർ ഇതിൽ നിന്നും വഴുതിമാറി വ്യർഥ സംവാദത്തിലേക്ക് തിരിഞ്ഞു ധർമ്മോപദേഷ്ടാക്കാളാകുവാൻ ആഗ്രഹിക്കുന്നു. തങ്ങൾ പറയുന്നതെന്തെന്നോ, സമർഥിക്കുന്നതെന്തെന്നോ അവർ ഒട്ടും ഗ്രഹിക്കുന്നില്ലതാനും"*
(1 തിമോത്തി. 1:3 - 7)

ജ്ഞാനികളായവരുടെ അനുഭവങ്ങളും ചിന്തകളും വായിച്ചു പഠിക്കുന്നത് എന്നെപ്പോലെയുള്ള നിസ്സാരന്മാരായ സഭാ ശുശ്രൂഷകരുടെ വ്യക്തിത്വ വികസനത്തിനും ആത്മീയ വർദ്ധനവിനും അനുഗ്രഹപ്രദമായി ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും സഹായകരമായേക്കാം. രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ "സത്യം കൊണ്ടുള്ള എന്റെ പരീക്ഷണങ്ങളുടെ കഥ" (The story of my experiments with Truth) പോലുള്ള ഗ്രന്ഥങ്ങൾ അപ്രകാരമൊന്നാണ്. എന്തിനാണീ ആത്മകഥയൊക്കെ എഴുതുന്നതെന്നു ചിലരെങ്കിലും ചിന്തിച്ചിട്ടുണ്ടാകും. അപ്രകാരമുള്ള ഒരു സംശയം മഹാത്മഗാന്ധിയുടെ മുമ്പാകെ അവതരിക്കപ്പെട്ടു - "ഈ സാഹസത്തിനു നിങ്ങളെ എന്താണ് പ്രേരിപ്പിച്ചത്"? തന്റെ ആത്മകഥയുടെ ആമുഖത്തിൽ മഹാത്മാവ് ഇങ്ങനെ എഴുതി - "എനിക്കു നേടേണ്ടത് ആത്മസാക്ഷാത്ക്കാരം, ഈശ്വരനെ നേരിട്ടുകാണുക, മോക്ഷം പ്രാപിക്കുക എന്നതാണ്. ഇക്കഴിഞ്ഞ മുപ്പതു വർഷമായി ഞാൻ തീവ്രമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് അതിനുവേണ്ടിയാണ്. ഞാൻ ജീവിക്കുന്നതും ചലിക്കുന്നതും നിലനിൽക്കുന്നതും ഈ ലക്ഷ്യം പ്രാപിക്കാനാണ്. എന്റെ എഴുത്തും പ്രസംഗവും രാഷ്ട്രീയ രംഗത്തെ പ്രവർത്തനവുമെല്ലാം ഇതേ ഉദ്ദേശം മുൻ നിറുത്തിയാണ്.... എന്നെ സംബന്ധിച്ചിടത്തോളം സത്യമാണ് പരമമായ തത്വം."

അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ "ഡയോസിഷൻ ബുള്ളറ്റിനിൽ" ഖണ്ഡശഃയായി പ്രസിദ്ധീകരിക്കുന്ന "സഭാ ശുശ്രൂഷയിൽ രണ്ടു പതിറ്റാണ്ടുകൾ" എന്ന ആത്മകഥാപരമായ ഓർമ്മക്കുറിപ്പിൽ, ഇതെഴുതുവാനുള്ള പ്രേരണയെന്തെന്നും ലക്ഷ്യമെന്തെന്നും വിശദീകരിക്കാത്തതിന്റെ കാരണം, അപ്രകാരമൊരു ചോദ്യം അഭിവന്ദ്യ തിരുമേനിയോടു ആരും ചോദിക്കാത്തതിനാലാവാം. അല്ലെങ്കിൽ, അഭി. തിരുമേനി എഴുതിയത്പോലെ "സംഭവ വിവരണത്തിന്റെ പശ്ചാത്തലവും ആഖ്യാന രീതിയും വേണ്ടവിധത്തിൽ ഗ്രഹിക്കുവാൻ കഴിവില്ലാത്തതിനാലും അഭിവന്ദ്യ തിരുമേനിയുടെ മാനസ്സിക നിലയും ബൗദ്ധിക നിലവാരവും വായനക്കാർക്കില്ലാത്തതിനാലും" മനസ്സിലാകാത്തതുമാകാം. എങ്കിലും ശ്രദ്ധയോടെ ആ ആത്മകഥനം വായിച്ചാൽ മനസ്സിലാകുന്നത് മഹാത്മഗാന്ധികുറിച്ച വാക്കുകളുടെ മറ്റൊരു ഭാവമാണ്.

"പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവപോലുള്ള പുണ്യാത്മാക്കളുടെ നെഞ്ചിൽ ചവിട്ടിയിട്ടാണെങ്കിൽ പോലും മലങ്കര ഓർത്തഡോക്സ് സഭയെ അവഹേളിക്കുക. ക്രമേണ ഈ സഭയെ ഛിന്നഭിന്നമാക്കുക, അതിനു വിഘാതമായി നിൽക്കുന്നവരെ വെട്ടിനിരത്തുക, പ്രത്യേകിച്ച് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയെ ഭീകരനെന്നു മുദ്രകുത്തി ഒരിക്കലും തല ഉയർത്താത്ത വിധത്തിൽ ഒതുക്കുക, മലങ്കര സഭയിലെ വിശ്വാസികൾ വിവരമില്ലാത്തവരും, ബുദ്ധിയുറയ്ക്കാത്തവരുമാണെന്നു സമർത്ഥിക്കുക. ഇക്കഴിഞ്ഞ ഇരുപതുവർഷമായി ഞാൻ തീവ്രമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് അതിനുവേണ്ടിയാണ്. ഞാൻ ജീവിക്കുന്നതും ചലിക്കുന്നതും നിലനിൽക്കുന്നതും ഈ ലക്ഷ്യം പ്രാപിക്കാനാണ്. എന്റെ എഴുത്തും പ്രസംഗവും സഭയിലെ പ്രവർത്തനവുമെല്ലാം ഇതേ ഉദ്ദേശ്യം മുൻനിർത്തിയാണ്. ഇതുനേടുവാൻ ഞാനേതറ്റം വരെയും പോകും". കുഞ്ഞാങ്ങള ചത്തിട്ടാണെങ്കിലും നാത്തൂന്റെ താലി അഴിക്കുവാൻ വ്രതമെടുത്തിരിക്കുന്നവരുടെ സഹകരണം കൂടിയാകുമ്പോൾ കാര്യമെളുപ്പവുമാകും. നല്ല വൃക്ഷത്തിൽ നിന്നല്ലേ നല്ല ഫലം പ്രതീക്ഷിക്കേണ്ടതുള്ളൂ.

അല്ലെങ്കിൽ, വളരെ സന്തോഷത്തോടും സഹകരണത്തോടും സമാധാനപൂർവ്വം സഭാ ശുശ്രൂഷകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന കണ്ടനാട് ഭദ്രാസനത്തിലെ വൈദികരെയും വിശ്വാസികളെയും ആശയക്കുഴപ്പത്തിലേക്കു

നയിക്കുവാനും തമ്മിലടിപ്പിക്കുവാനും ഉതകുന്ന പ്രകോപനപരമായതും വിവാദപരവുമായ പ്രസ്താവനകൾക്കിപ്പോൾ എന്താണു പ്രസക്തി? ഇവിടെയാണ് പരിശുദ്ധനായ പൗലോസ് ശ്ലീഹാ തീമോത്തിയോസിനു നല്കുന്ന ഉപദേശങ്ങൾക്കു (1 തിമോത്തി 1:3-7) സാംഗത്യം. ആരംഭത്തിലത് ചേർത്തിരിക്കുന്നത് വായിച്ചിരിക്കുമല്ലോ. അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി മേല്പട്ടസ്ഥാനം പ്രാപിച്ചകാലം (1990) മുതൽ നടത്തിയിട്ടുള്ള രചനകളും പ്രസംഗങ്ങളും വിലയിരുത്തിയാൽ ഇത് ശരിയാണെന്ന് ആർക്കും ബോധ്യമാകും. പ്രത്യേകിച്ച് "ഇത് വിശ്വാസത്തിന്റെ കാര്യം", "ജനാധിപത്യവല്ക്കരണത്തിലൂടെ അനുരഞ്ജനം"? തുടങ്ങിയവ. ഭദ്രാസന വിഭജനത്തിനുശേഷം തനിക്കു ലഭിച്ച പള്ളികളിലുള്ള ഓർത്തഡോക്സ് വിശ്വാസികളെ ഭിന്നിപ്പിക്കുവാൻ ശ്രമിക്കുന്നതും, അഭിവന്ദ്യ സേവേറിയോസ് തിരുമേനിയോടൊപ്പമുണ്ടായിരുന്ന അവിടെയുള്ള വൈദികരോടും വിശ്വാസികളോടും കാണിക്കുന്ന വിവേചനവും വൈരാഗ്യബുദ്ധിയോടുള്ള സമീപനവുമെല്ലാമിതിനു തെളിവാണ്.

ഈശ്വരൻ തന്നെ സത്യമാണെന്ന് വിശ്വസിച്ച് അതിനെ പ്രാപിക്കുവാൻ പരിശ്രമിച്ച മഹാത്മഗാന്ധി സത്യസന്ധമായി തന്റെ ജീവിതം വിവരിക്കുന്നു. മറ്റുള്ളവരെ സകലകാര്യങ്ങൾക്കും കുറ്റം പറഞ്ഞ് അവരുടെ നന്മയെ അല്പം പോലും ഉൾക്കൊള്ളാതെ സ്വയം നീതീകരിക്കുന്ന പരീശനല്ലായിരുന്നു മഹാത്മഗാന്ധി. ഒരു ക്രൈസ്തവനല്ലായിരുന്നിട്ടും യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ ജീവിതത്തിൽ പകർത്തി തന്റെ ബലഹീനതകളും കുറവുകളും മനസ്സിലാക്കി, വീഴ്ചകളെ അംഗീകരിച്ച് യാതൊന്നും മറച്ചുവയ്ക്കാതെ നിർമ്മല മനസ്സാക്ഷിയോടുകൂടി, പൗരസ്ത്യപിതാക്കന്മാരെ അനുസ്മരിപ്പിക്കുമാറുള്ള ആഖ്യാനമാണ് ആ മഹാത്മാവ് നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ യേശു ക്രിസ്തുവിന്റെ പ്രതിരൂപമായ ഒരു മഹാപുരോഹിതനോ? അദ്ദേഹം നടത്തുന്ന അസത്യപ്രചരണം സഭയെയാണ് കളങ്കപ്പെടുത്തുന്നത്. ധാർമ്മികതയെക്കുറിച്ച് കണ്ഠക്ഷോഭം നടത്തുന്നവർ തന്നെ താനുൾപ്പെടുന്ന സഭയുടെ ധാർമ്മികത നശിപ്പിക്കുവാൻ തുനിയുന്നതെന്തേ?

2010 ഒക്ടോബറിലെ ഡയോസിഷൻ ബുള്ളറ്റിനിലെഴുതിയത് ശ്രദ്ധിക്കുക. "... കണ്ടനാട് ഓർത്തഡോക്സ് സമൂഹത്തിലെ കുറെ വൈദികർ എന്റെയും കൂടെയുള്ള മെത്രാപ്പോലീത്താമാരുടെയും സത്യവാങ്മൂലം അംഗീകരിക്കരുതെന്ന അപേക്ഷ പരി. കാതോലിക്കാ ബാവയ്ക്കു നല്കി...... സഭാ കേന്ദ്രത്തിനു കൊടുത്തിരുന്ന അപേക്ഷ ദിനപത്രങ്ങളിൽ പരസ്യം ചെയ്തു....." ഇങ്ങനെയൊരു അപേക്ഷയോ പത്രപരസ്യമോ കാണിക്കാമോ?

അന്നത്തെയും ഇന്നത്തെയും പാത്രിയർക്കീസു വിഭാഗത്തിലെ ഒരു സ്ഥാനികളെയും സ്വീകരിക്കേണ്ടയെന്നു കണ്ടനാട് ഭദ്രാസനത്തിലെ ഓർത്തഡോക്സുകാർ ആരോടും അപേക്ഷിച്ചിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ 1934-ലെ ഭരണ ഘടനയ്ക്കു വിധേയമായി അവർ ആയിരിക്കുന്ന സ്ഥാനത്തുതന്നെ നിലനിർത്തിക്കൊണ്ട് സ്വീകരിക്കണമെന്നുള്ള നിലപാടാണ് കണ്ടനാട് ഭദ്രാസനത്തിലെ ഓർത്തഡോക്സുകാർക്കുണ്ടായിരുന്നത്. ബഹു. സുപ്രിം കോടതി ഉത്തരവുമതുതന്നെയായിരുന്നു. ഇക്കാര്യമായിരുന്നു പ.കാതോലിക്ക ബാവയോട് അപേക്ഷിച്ചത്. അന്ന് അഭി. അത്താനാസ്യോസ് തിരുമേനി പാത്രിയർക്കീസ് വിഭാഗത്തിലെ കണ്ടനാട് ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തയായിരുന്നു. അതിനുവിരുദ്ധമായി ഉയർന്ന സ്ഥാനം നേടുവാൻ സ്വീകരിച്ച കുത്സിതമാർഗ്ഗങ്ങളെയാണ് എതിർത്തിരുന്നത് എന്ന് ഏവർക്കും അറിവുള്ളതാണ്. അനീതിയെ എതിർക്കുന്നതിൽ നിന്ന് അല്പം പോലും പിന്നോട്ടുപോകുവാൻ കണ്ടനാട് ഭദ്രാസനത്തിലെ ഓർത്തഡോക്സുകാർ ഇന്നും തയ്യാറല്ല. സഭാ ഭരണഘടനയും ആരാധനാ ശൈലിയും ചട്ടങ്ങളും നിയമങ്ങളും അംഗീകരിക്കുവാനും അനുസരിക്കുവാനും വിമുഖതയുള്ളവർക്ക് അത് അരോചകമായി തോന്നാം. അതിൽ വിറളിപിടിച്ച് നടത്തുന്ന പുലമ്പലുകളായേ അഭി. തിരുമേനിയുടെ ആരോപണങ്ങളെ കാണുന്നുള്ളൂ.

അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയെ അംഗീകരിച്ചുകൊണ്ടുള്ള ഒരു കല്പന വേണമെന്നുള്ള അപേക്ഷ പരിഗണിച്ച് പരി. ബാവ തിരുമേനി നല്കിയ കല്പന കണ്ടനാട് ഭദ്രാസനത്തിലെ ഓർത്തഡോക്സ് വിശ്വാസികൾ അനുസരിച്ചു. എന്നാൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി അതനുസരിച്ച് പ്രവർത്തിച്ചില്ല എന്നു ഖേദപൂർവ്വം പറയട്ടെ.

പരി. കാതോലിക്കാ ബാവാ തിരുമനസ്സിന്റെ കല്പന പ്രകാരവും അഭി. സേവേറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരവും എല്ലാ പള്ളികളിലും തുബ്ദേനിൽ അഭി. സേവേറിയോസ് തിരുമേനിയുടെ പേരിനൊപ്പം അഭി. അത്താനാസ്യോസ് തിരുമേനിയുടെ പേര് ഭദ്രാസനവിഭജനം വരെ ഓർക്കുകയും ചൊല്ലുകയും ചെയ്തിരുന്നു. പെരുന്നാളുകൾക്കും മറ്റ് കൂദാശകൾക്കുമായി അഭി. അത്താനാസ്യോസ് തിരുമേനിയെ ക്ഷണിക്കുകയും എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും കൂദാശകൾ അനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അത് തുടർന്നു വരികയും ചെയ്യുന്നു. ഭദ്രാസനത്തിന്റെ എല്ലാ പരിപാടികളിലും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കെല്ലാം തെളിവുമുണ്ട്. (നോട്ടീസുകൾ, ഫോട്ടോകൾ, വീഡിയോകൾ, പത്രറിപ്പോർട്ടുകൾ). എന്നാൽ അഭി. സേവേറിയോസ് തിരുമേനിയുടെ പേര് അഭി. അത്താനാസ്യോസ് തിരുമേനിയുടെ കീഴിലുള്ള പള്ളികളിൽ ഓർത്തില്ല എന്നുമാത്രമല്ല, ഒരു ദേവാലയങ്ങളിലും പ്രവേശിപ്പിക്കാതെ അകറ്റി നിർത്തുകയാണ് ഇന്നുവരെ ചെയ്തിട്ടുള്ളത്. തനിക്കു പൂർണ്ണസ്വാതന്ത്ര്യമുള്ള മൂവാറ്റുപുഴ അരമന പള്ളിയിൽ പോലും ഇതുതന്നെ അവസ്ഥ. എന്തിനേറെ പറയുന്നു, അങ്ങോട്ട് ആവശ്യപ്പെട്ടിട്ട് പോലും പ. ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെയും മറ്റ് കാതോലിക്കാ ബാവാമാരേയും വി. കുർബ്ബാന അർപ്പിക്കുവാനോ കൂദാശകൾ അനുഷ്ഠിക്കുവാനോ ഇന്നുവരെ അനുവദിച്ചിട്ടില്ല എന്നു പറയുമ്പോൾ ആരും ആശ്ചര്യപ്പെടരുത്.

പറയുന്നതൊന്ന് ചെയ്യുന്നത് മറ്റൊന്ന്, അകത്തു കത്തിയും പുറത്തു പത്തിയുമായി ഇപ്രകാരം നടത്തുന്ന വ്യാജ പ്രസ്താവനകളുടെ നിജസ്ഥിതി തുറന്നുകാണിക്കുവാനുള്ള എളിയ ശ്രമമാണ് ഈ ലേഖനത്തിന് പ്രേരകമായി തീർന്നിട്ടുള്ളത്.

(തുടരും....)



# നഹി: നഹി: ബഹുദാനം അന്നദാനസ്സമാനം

റ്റി.ജെ. ജയിംസ്, Rtd. ATO. KSRTC

2006 ജൂലായ് അവസാനവാരത്തിലെ (കർക്കിടകം) ഒരു മദ്ധ്യാഹ്നം ഇന്നും എന്റെ സ്മൃതി മണ്ഡലത്തിൽ പച്ചപിടിച്ചു നിൽക്കുന്നത് സഭാസ്നേഹിതരോടൊത്തു പങ്കുചേരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

K.S.R.T.C. പെരുമ്പാവൂർ ഡിപ്പോയിൽ ഇൻസ്പെക്ടറായി ഞാൻ ജോലി നോക്കുന്ന കാലം. നമ്മുടെ ബസ്സും ഒരു മോട്ടോർ സൈക്കിളുമായി രാവിലെ ഉണ്ടായ റോഡ് അപകടത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഞാൻ നിയോഗിക്കപ്പെട്ടു. പേഴക്കാപ്പിള്ളിയിൽ വച്ചാണ് അപകടം. ചില്ലറ പരിക്കുകൾ പറ്റിയ മോട്ടോർ സൈക്കിൾ യാത്രികൻ മൂവാറ്റുപുഴ താലൂക്ക് ഗവ. ആശുപത്രിയിൽ ചികിത്സയിലാണ്. പ്രാഥമിക അന്വേഷണത്തിനായി ഞാൻ അവിടെയെത്തി. സംഭവത്തെക്കുറിച്ചു പരിക്കുപറ്റിയ ആൾ വിവരിക്കുമ്പോൾ ആ വാർഡിലെ ഏതാനും രോഗികൾ ഞങ്ങളുടെ സമീപം നിൽക്കുന്നുണ്ടായിരുന്നു. "കഞ്ഞിവണ്ടി വന്നു" എന്നാരോ പറയുന്നതു കേട്ടപ്പോൾ അവരെല്ലാം ഓരോ പാത്രങ്ങളുമെടുത്ത് ഓടുന്നതുകണ്ടു. കുറെ കഴിഞ്ഞപ്പോൾ അവർ മടങ്ങി വന്നു. അതിൽ വാർദ്ധക്യത്തിലേക്കു കടന്ന തൊട്ടടുത്ത കിടക്കയിലെ നരച്ച ദീക്ഷയുള്ള ഒരു ഇക്ക താൻ കൊണ്ടുവന്ന പാത്രത്തിലെ കഞ്ഞിയും പയറും അച്ചാറും കാണിച്ചിട്ട് "ഇതുകൊണ്ടാണ് സാറേ ഞങ്ങൾ പാവപ്പെട്ട രോഗികൾ കഴിയുന്നത്." പകുതി മറ്റൊരു പാത്രത്തിലേക്ക് ഒഴിച്ച് അടച്ചുവച്ചിട്ട് തുടർന്നു. "ഇത് അത്താഴത്തിന്. കാലത്തും വൈകിട്ടും രണ്ട് കാലിചായയ്ക്ക് ഏഴു രൂപയുടെ ചിലവേ ദിവസം വരുന്നുള്ളൂ." ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിലെ തിളക്കം ഞാൻ തിരിച്ചറിഞ്ഞു.

എന്റെ ബാല്യകാലത്ത്, കപ്പ തന്നെ തിന്നു തലകറങ്ങുന്നു ഇത്തിരി കഞ്ഞി തരണേ എന്നു പറഞ്ഞു പഞ്ഞ കർക്കിടകത്തിൽ കർഷകഭവനങ്ങളിലെത്തുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. രാസവളങ്ങളും ജലസേചനസൗകര്യങ്ങളും ഇല്ലാതിരുന്ന ആ കാലത്ത് പത്തായത്തിൽ നെല്ലുള്ളവർ ആയിരുന്നു സമ്പന്നർ. അന്ന് മരച്ചീനി ദരിദ്രരുടെ ഭക്ഷണമാണെങ്കിൽ ഇന്ന് വിശിഷ്ടഭോജനമായി. നമ്മുടെ രാജ്യം സ്വയംപര്യാപ്തത കൈവരിച്ച മുറയ്ക്ക് മലയാള നാട് സമ്പന്നമായി എന്നു നമുക്ക് അഭിമാനിക്കാമെങ്കിലും സൂക്ഷ്മപരിശോധനയിൽ വിരളമെങ്കിലും ഇതുപോലുള്ള വസ്തുതകൾ നമുക്ക് കണ്ടെത്തുവാൻ കഴിയും.

വാർഡിൽ നിന്നും ഞാൻ പുറത്തിറങ്ങി നോക്കിയപ്പോൾ പ്ലേറ്റുകളുമായി ക്ഷമയോടെ നിൽക്കുന്ന രോഗികളെ കണ്ടു. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ അന്നദാനം നടത്തുന്ന വാനും ശ്രദ്ധയിൽപെട്ടു. വീണ്ടും ഞാൻ മടങ്ങി വാർഡിലെത്തി തെല്ലഭിമാനത്തോടെ പഴയ ഇക്കായോട് "ഇതാരാണ് തരുന്നത് എന്നറിയാമോ" എന്നു ചോദിച്ചു. "എന്റെ സാറേ ഏതോ തിരുമേനിയാണെന്നു മാത്രമറിയാം. ബന്ദിനും ഹർത്താലിനും പോലും കഞ്ഞി വണ്ടി മുടങ്ങില്ല." അദ്ദേഹം പറഞ്ഞു.

ഞാൻ ഒരാത്മപരിശോധന നടത്തി. അഭിവന്ദ്യ സേവേറിയോസ് തിരുമേനി ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ആരംഭിച്ച മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ഒരു ചെറിയ ടിൻ എന്റെ ഭവനത്തിലും ഇരിക്കുന്നുണ്ടല്ലോ. ഞാനതിൽ നിക്ഷേപിക്കുന്ന തുക വളരെ കുറച്ചുപേർക്കല്ലേ അന്നദാനത്തിനുപകരിക്കുകയുള്ളൂ. "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല. ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നില്ല" (വി. മത്തായി 25: 42) നിത്യദണ്ഡനത്തിൽ ഞാനും ഏല്പിക്കപ്പെടുമല്ലോഎന്നു കുറ്റബോധത്തോടെ ഓർത്തു.

അർഹിക്കുന്ന ദരിദ്രനെ കണ്ടെത്തുന്നതിൽ പ്രഗത്ഭരായവർ പോലും വഞ്ചിക്കപ്പെട്ടിട്ടുള്ളതിന് ഞാൻ ദൃക്സാക്ഷിയാണ്. ഈ അടുത്തനാളിൽ വാങ്ങിപ്പോയ ബഹുമാനപ്പെട്ട കെ.എ പോൾ (എന്റെ ഗുരുനാഥൻ) – വടവുകോടിന്റെ സമീപപ്രദേശത്തുള്ള പലർക്കും ചികിത്സാ ആവശ്യങ്ങൾക്കും മറ്റുമായി–

സാറിൽ നിന്നുള്ള സഹായം എന്റെ ശുപാർശപ്രകാരം ലഭ്യമായിട്ടുണ്ട്. അന്നാളുകളിൽ അദ്ദേഹത്തിന്റെ അനുഭവങ്ങൾ എന്നോടു പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്.

ഒരിക്കൽ ഒരാൾ "ഭാര്യ അത്യാസന്നനിലയിലാണ്. ചികിത്സിക്കാൻ പത്തുപൈസ കയ്യിലെടുക്കാനില്ല'' എന്നു പറഞ്ഞു സഹായമഭ്യർത്ഥിച്ചു. ചികിത്സയ്ക്കായി പോൾസാർ കൊടുത്ത പണം മദ്യഷാപ്പിൽ പൂർണ്ണമായും ചിലവഴിച്ചു എന്നറിഞ്ഞ പോൾസാർ ഇനി മേലിൽ സഹായം മരുന്നുരൂപത്തിലേ കൊടുക്കുകയുള്ളൂ എന്നു തീരുമാനിച്ചു. അധികം വൈകാതെ സാറിന്റെ ഒരു നാട്ടുകാരൻ ഹൃദ്രോഗത്തിനുള്ള മരുന്നു വാങ്ങാൻ സഹായമഭ്യർത്ഥിച്ചു ചെന്നു. വിലകൂടിയ ആ മരുന്ന് പുത്തൻകുരിശിലെ മെഡിക്കൽ സ്റ്റോറിലേക്കു വിളിച്ചുപറഞ്ഞ് അയാൾക്ക് സൗജന്യമായി കൊടുത്തു. പിറ്റേ ദിവസം അതേ മരുന്നുകൾ മറ്റൊരു മെഡിക്കൽ സ്റ്റോറിൽ പകുതി വിലയ്ക്കു വിറ്റു അയാൾ കള്ളു കുടിച്ചതായി അറിയുവാനിടയായി. അതോടുകൂടി തീരുമാനം വീണ്ടും പരിഷ്കരിച്ചു. രോഗിയെ ആശുപത്രിയിൽ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ട് ഫൈനൽ ബിൽ അദ്ദേഹം തന്നെ അടച്ചുപോന്നു. ഒരിക്കൽ സംസാരമദ്ധ്യേ ഞാൻ പറഞ്ഞു. "സാറിന്റെ സ്വന്തം പേരിലുള്ള (R.M.H. School) രാജർഷി മെമ്മോറിയൽ ഹൈസ്ക്കൂൾ നാമമാത്രമായ തുകയ്ക്ക് സഭയ്ക്ക് വിറ്റതിൽ നാട്ടുകാരിൽ ചിലർക്കൊക്കെ എതിർപ്പുണ്ട്''. വളരെ പെട്ടെന്ന് അദ്ദേഹം പ്രതികരിച്ചു. "തനിക്കറിയാമോ, മറ്റു സ്കൂൾ മാനേജ്മെന്റ് വാങ്ങുന്നതിനേക്കാൾ എത്രയോ കുറച്ചു സംഭാവന വാങ്ങി നാട്ടുകാരായ അദ്ധ്യാപകരെ നിയമിച്ചപ്പോൾ എന്റെ മകനു കിട്ടിയ സ്ത്രീധനം പോൾസാറു വാങ്ങി എന്നു പരാതി പറഞ്ഞവർ എത്രപേരുണ്ടെന്ന്?. എന്റെ ജീവിതത്തിൽ ഞാൻ ബുദ്ധിപൂർവ്വം ചെയ്ത ഏകകാര്യം ഇതാണെന്ന് ഞാൻ പറയും. ഈ സ്കൂൾ ഭംഗിയായും ചിട്ടയായും ആരെയും കൊള്ളയടിക്കാതെ നടത്തിക്കൊണ്ടുപോകും എന്നെനിക്കുറപ്പുണ്ട്''. പരിശുദ്ധ സഭയിലുള്ള വിശ്വാസം ആ മുഖത്തു പ്രകടമായിരുന്നു.

മറ്റൊരിക്കൽ ബഹു. ഇടയനാൽ കോറെപ്പിസ്കോപ്പ (കോറെപ്പിസ്കോപ്പാ ആകുന്നതിനുമുമ്പ്) യോടൊപ്പം കിഴക്കമ്പലം ബേത്‌ലഹേം ദയറായിൽ പോയി. അന്ന് അവിടത്തെ മദർ സുപ്പീരിയർ ഞാൻ വളരെ ആദരിക്കുന്ന സിസ്റ്റർ എലിസബത്ത് ആയിരുന്നു. സംസാരമദ്ധ്യേ ഒരു കമ്പനിയിൽ നിന്നും ഒരു ജീവനക്കാരനു കൊടുത്ത I.D. കാർഡ് എന്നെ കാണിച്ചിട്ട്, ജയിംസേ ഇതിന്റെ ഉടമസ്ഥൻ ഇതുവരെ വന്നില്ലല്ലോ. ഇനി ഇതെങ്ങനെ ആ മനുഷ്യന് എത്തിക്കും എന്ന് വളരെ വിഷമത്തോടെ ചോദിച്ചു. സൂക്ഷ്മപരിശോധന നടത്തിയപ്പോൾ അത് കമ്പ്യൂട്ടറിൽ കൂടി എടുത്ത ഒരു വ്യാജ I.D. കാർഡ് ലാമിനേറ്റ് ചെയ്തതാണെന്നു മനസ്സിലായി. "പഴങ്ങനാട് ആശുപത്രിയിൽ നിന്നും ഭാര്യയെ ഡിസ്ചാർജ് ചെയ്തുകൊണ്ടുപോകാൻ പണം തികയില്ല. സഹായിക്കണം, നാളെ എത്തിച്ചുകൊള്ളാം എനിക്കു കമ്പനിയിൽ ജോലിക്കു കയറണമെങ്കിൽ ഈ കാർഡ് വേണം ഇത് ഇവിടെ ഇരിക്കട്ടെ'' എന്നു പറഞ്ഞ് നിർബന്ധപൂർവ്വം ആ വ്യാജകാർഡ് മദറിനെ ഏല്പിച്ചു. "ആഴ്ചകൾ കഴിഞ്ഞിട്ടും അയാൾ വന്നു കാർഡ് കൊണ്ടുപോയില്ലല്ലോ ഇനി അയാൾ ജോലിക്കു കയറുന്നതെങ്ങനെയാണ്'' എന്നെല്ലാം പറഞ്ഞ് മദർ വിഷമിക്കുന്നതുകണ്ടപ്പോൾ "മദർ ഒരു പാവമാണെന്നയാൾക്കറിയാം. ഇനി എന്നെങ്കിലും കള്ളടിക്കുവാൻ കാശില്ലാതെ വരുമ്പോൾ അയാൾ മറ്റൊരു രൂപത്തിൽ കഥയുണ്ടാക്കി മദറിനെ സമീപിക്കും. മദർ സഹായിക്കുകയും ചെയ്യും'' എന്നു ഞാൻ പറഞ്ഞപ്പോൾ മദർ വികാരാധീനയായി പറയുകയാണ്. "ഈ വാതിലിൽ വന്നു മുട്ടുന്നവരെ വെറുംകയ്യോടെ പറഞ്ഞയക്കുന്ന ദിവസം എനിക്കുറക്കം വരികയില്ല. കളവോ വഞ്ചനയോ എന്നു ഞാൻ നോക്കാറില്ല'' എന്ന്. ഉച്ചഭക്ഷണത്തിനായി ദയറായിലും ദിവസേന ദരിദ്രരെത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ആർഭാടമായ സൽക്കാരങ്ങൾക്കും, യാത്രകൾക്കും മറ്റും നാം ചിലവഴിക്കുന്ന ഭീമമായ തുക ഈ വലിയ നോമ്പുകാലത്തെങ്കിലും വെട്ടിച്ചുരുക്കി "തീനില്ലാത്തവരെ തീറ്റുന്നതിന്" വേണ്ടി മാറ്റിവയ്ക്കണമെന്ന് പരി. സഭ നമ്മെ ഉൽബോധിപ്പിക്കുന്നു. ആർഷഭാരതത്തിന്റെ ഗതകാല പ്രബോധനങ്ങളും ഇതൊക്കെതന്നെയാണ്.

*"ഗജതുരംഗസഹസ്രം ഗോകുലം കോടിദാനം*
*കനക രചിതപാത്രം മേദിനീസാഗരാന്തം*
*ഉഭയകുലവിശുദ്ധ കോടി കന്യാപ്രദാനാം*
*നഹിഃ നഹിഃ ബഹുദാനം അന്നദാനസ്സമാനം"*

ചാതുർവർണ്ണ കാലഘട്ടം - ബ്രാഹ്മണർക്ക് ദാനം ചെയ്താൽ പുണ്യം നേടാം എന്നു വിശ്വസിച്ചിരുന്ന കാലം. ആയിരം ആനകളേയും ആയിരം കുതിരകളേയും ഒരു കോടി ഗോക്കളേയും ബ്രാഹ്മണർക്കു ദാനം ചെയ്യുന്നതോടൊപ്പം ഭക്ഷണം കഴിക്കുന്നതിന് പൊൻപാത്രങ്ങളും, സാഗരാതിർത്തിവരെയുള്ള ഭൂമിയും, നല്ല കുലത്തിൽ പിറന്ന വിശുദ്ധിയുള്ള ഒരു കോടി കന്യകമാരെയും ദാനം ചെയ്താൽ പോലും അന്നദാനത്തിന് തുല്യമെത്തുന്നില്ല എന്നു സാരം.

യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തി സഹായിക്കുന്നതിന് നമ്മുടെ "മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി" ഉണ്ടല്ലോ. പിന്നെ നാം എന്തിനു ഭയപ്പെടണം. നമുക്ക് ആരോഗ്യവും സമ്പത്തും നിർലോഭം തരുന്ന ദൈവം നമ്മിൽ നിന്നും ഈ ജീവകാരുണ്യപ്രവർത്തനങ്ങളെങ്കിലും പ്രതീക്ഷിക്കുന്നു. ഈ നോമ്പുകാലം നമുക്ക് അതിന് ഉത്തേജനം തരട്ടെ.

✤




# മനഃസാക്ഷി പൂർണ്ണമോ?

ഫാ. സി.എം. കുര്യാക്കോസ്

തെരഞ്ഞെടുപ്പുകൾ വരുമ്പോൾ സഭാവിശ്വാസികൾ മന:സാക്ഷിക്കനുസരണമായി വോട്ടു ചെയ്യണമെന്നു പല സഭാമേലദ്ധ്യക്ഷന്മാരും ആഹ്വാനം ചെയ്യാറുണ്ടല്ലോ. പ്രതിസന്ധികളിൽ പ്രതികരിക്കുന്ന ഒരു രീതിയാണിതു. ഒരു സഭ സാധാരണക്കാരെപ്പോലെ മാത്രം ചിന്തിക്കുന്നതു ഉചിതമല്ല. പ്രവാചകദൗത്യമുള്ള സഭ സത്യസ്ഥിതികളെ പ്രസിദ്ധമാക്കുകയും അധർമ്മ സ്ഥിതികൾക്കെതിരെ സന്ധിയില്ലാസമരം ചെയ്യുകയും ചെയ്യണം. സത്യത്തെ ഉദ്ഘോഷിക്കുവാൻ ധാർമ്മിക ഉത്തരവാദിത്വമുള്ളവരാണ് സഭാവിശ്വാസികൾ. സത്യത്തിനെതിരെ ഒളിച്ചോടുന്ന മനോഭാവമാണ് മന:സാക്ഷിവോട്ട് എന്നതുകൊണ്ട് ഉണ്ടാകുന്നത്.

ഓരോരുത്തരുടെയും 'മന:സാക്ഷി' എന്നതു അവർ ജീവിക്കുന്ന സാഹചര്യത്തിൽ നിന്നും രൂപീകരിക്കപ്പെടുന്നതാണ്. ജീവിക്കുന്ന സാഹചര്യം ശരിയല്ലെങ്കിൽ അവന്റെ മന:സാക്ഷിയും ശരിയല്ല. പല തിന്മകളും തിന്മയാണെന്നു മനസ്സിലാക്കുവാൻ സാധിക്കാത്ത വിധം ജീവിക്കേണ്ട സാഹചര്യവും ഇന്നത്തെ സമൂഹത്തിലുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ജീവിക്കുന്നവർക്കു നന്മയുള്ള മന:സാക്ഷിയുണ്ടാകുകയില്ല. തിന്മയെ തിന്മയാണെന്നു പറയുവാനുള്ള ആർജവത്വം സഭാനേതൃത്വത്തിനുണ്ടാകണം.

എല്ലാവരുടെയും എല്ലാ സമയത്തുമുള്ള മന:സാക്ഷി ശരിയാവണമെന്നില്ല. മന:സാക്ഷിയുടെ മന്ത്രണം ശരിയോ തെറ്റോ എന്നു വിശ്വാസികൾക്കു തിരിച്ചറിവുണ്ടാക്കുവാൻ സഭയ്ക്ക് ബാദ്ധ്യതയുണ്ട്. സമൂഹത്തിൽ നടമാടുന്ന കാര്യങ്ങളിലെ അപകടകരമായ വസ്തുതകളെ സമൂഹത്തിന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുവാൻ സഭയ്ക്ക് സാധിക്കണം. ധാർമ്മികതയ്ക്കും നന്മയ്ക്കും എതിരെ പ്രവർത്തിച്ചവരെ പിന്തള്ളുവാനുള്ള ആഹ്വാനമാണ് സഭാനനേതൃത്വത്തിൽ നിന്നുമുണ്ടാകേണ്ടതും.

മന:സാക്ഷി എന്നത് അതിൽ തന്നെ പൂർണ്ണമല്ല എന്നതുകൊണ്ട് മന:സാക്ഷിക്കനുസരണമായി വോട്ടുചെയ്യുവാൻ ആഹ്വാനം ചെയ്യുന്നത് വികലമായ മന:സാക്ഷി വച്ചു പുലർത്തുവാൻ വിശ്വാസികൾക്കു പ്രേരണ നൽകുകയാണ് ചെയ്യുന്നത്. സഭയുടെ പ്രവാചകദൗത്യത്തിന് നേരെയുള്ള അവഗണനയാണ് മന:സാക്ഷിവോട്ട് എന്ന പ്രയോഗം കൊണ്ട് നടമാടുന്നത്. ഭരണത്തിലേറുവാൻ പോകുന്നവരിൽ നിന്നും ആനുകൂല്യങ്ങൾ പിടിച്ചുപറ്റണമെന്ന ചിന്തയാണ് മന:സാക്ഷിവോട്ട് എന്നതുകൊണ്ട് വ്യക്തമാക്കുന്നത്. ഇത് സത്യത്തിനും ധാർമ്മികതയ്ക്കും നേരെയുള്ള വെല്ലുവിളിയായി മാത്രമല്ല പൈശാചികമായ പ്രേരണയുടെ സ്വാധീനമായി കൂടി കാണേണ്ടിയിരിക്കുന്നു.

✤




# ഭോഷനായ ധനികന്റെ ചിന്തകളും അവ നല്കുന്ന പാഠങ്ങളും

*(വി. ലൂക്കോസ് 12:13 – 21)*

ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ

പിതൃസ്വത്ത് ഭാഗം വയ്ക്കുന്നതിന് ഇട നിലക്കാരനാകുവാൻ ഒരുവൻ യേശുതമ്പുരാനെ ക്ഷണിക്കുന്ന വേദഭാഗമാണിത്. ഈ ലോകത്തി ലായിരിക്കുന്ന മനുഷ്യർ വസ്തുവകകളുമായി ബന്ധപ്പെട്ട പിണക്കങ്ങളും അതിർത്തി പ്രശ്നങ്ങ ളുമായും വളരെ അസ്വസ്ഥരാണ്. ഭൗതികമായ കാര്യങ്ങളിൽ വളരെ തല്പരരായവർ അതിനു വേണ്ടി പായുമ്പോഴും മുറവിളി കൂട്ടുമ്പോഴും നഷ്ടപ്പെടുന്ന ബന്ധങ്ങൾ ഭയാനകത വർദ്ധിപ്പി ക്കുന്നു. ലൗകിക സമ്പത്തുമായി ബന്ധപ്പെട്ട് വള രെയധികം കിടമത്സരങ്ങൾ സമൂഹത്തിൽ നടക്കു ന്നുണ്ട്. അതുപോലുള്ള ഒരു പ്രശ്നപശ്ചാത്തല ത്തിലാണ് യേശുതമ്പുരാനെ ഒരുവൻ മദ്ധ്യസ്ഥ നായി ക്ഷണിക്കുന്നത്.

എങ്ങനെയെങ്കിലും കുറെ സമ്പത്തുണ്ടാ ക്കണമെന്ന ഒരേയൊരു ലക്ഷ്യമേ മനുഷ്യനുള്ളൂ എന്നു വല്ലാതെ തെറ്റിദ്ധരിക്കപ്പെട്ടുപോയ ഒരു ലോകമാണ് നമ്മുടേത്. ഒന്ന് പത്തും, നൂറ് ആയി രവും, ആയിരം പതിനായിരവും, ലക്ഷം കോടിക ളുമാക്കാനുള്ള തത്രപ്പാടിനിടയിൽ ധാർമ്മികമൂല്യ ങ്ങൾ (Moral Values) ചവിട്ടി മെതിക്കപ്പെടുന്നു. സമ്പത്തും സ്വാധീനവുമുള്ളർ വൻപദവികളും അംഗീകാരവും നേടുന്നു. സാംസ്ക്കാരിക മത രാഷ്ട്രീയ മണ്ഡലങ്ങളിലെ വളരെ ഉത്തരവാദി ത്വപ്പെട്ടവർ പോലും ഈ പദവികൾക്കും അംഗീ കാരങ്ങൾക്കും പിന്നാലെ പോകുന്നുവെന്നത് വളരെ വേദനാജനകമായ ഒരു കാര്യമാണ്. ലൗകിക സമ്പത്ത് സമാർജിക്കുന്ന വഴികൾ, അത് വിനിയോഗിക്കുന്ന രീതി എന്നിവ പരിഗണിക്കപ്പെ ടേണ്ടതുണ്ട്. സമൂഹനന്മയ്ക്കും, ക്ഷേമത്തിനും ഐക്യത്തിനും പ്രയോജനകരമാക്കാവുന്ന ലൗകിക സമ്പത്ത് തന്നെ തിന്മയ്ക്കും സംഘർഷ ത്തിനും അനൈക്യത്തിനും കാരണമാകരുത്. പരി ശുദ്ധനായ യാക്കോബ് ശ്ലീഹാ നമുക്കു മുന്നറി യിപ്പു നൽകുന്നു. "നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു. ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും. അതു തീപോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും." (വി.യാക്കോബ് 5:2, 3)

ലളിതമായ ഉപമയിലൂടെയും ബോധന ത്തിലൂടെയും യേശുതമ്പുരാൻ ഊന്നിപ്പറയുന്നത്, നാം നമ്മുടെ മുൻഗണനകൾ ശരിയായ വിധം പങ്കുവയ്ക്കണമെന്നാണ്. അമർത്യത കൈവരിക്കു വാനുതകുന്ന കാര്യങ്ങൾക്കായിരിക്കണം നമ്മുടെ ജീവിതത്തിൽ പ്രധാന സ്ഥാനം കൊടുക്കേണ്ടത്. (വി. മത്തായി 6 : 33) ദൈവിക കാര്യങ്ങളിൽ ഒരു വൻ സമ്പന്നനാകുമ്പോൾ അവൻ താനാരാണെന്ന് കണ്ടെത്തുകയും സമ്പത്തും ആരോഗ്യവും സമ യവും കഴിവുകളും എല്ലാം മറ്റുള്ളവരുമായി പങ്കു വയ്ക്കുവാൻ സന്നദ്ധനാകുകയും ചെയ്യും. നേരെ മറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യു ന്നവൻ ഭോഷനായ ധനികനാണ്. അതാണ് യേശു തമ്പുരാൻ ഈ ഉപമയിലൂടെ വ്യക്തമാക്കുന്നത്.

ഉപമയിലെ ധനികൻ തികച്ചും ലൗകി കനും വളരെ സ്വാർത്ഥതയുള്ളവനുമാണ്. തന്നെ ത്തന്നെ തിരിച്ചറിയാത്തവൻ. തന്റെ വിളഭൂമിയിൽ സമൃദ്ധമായ വിളവുണ്ടായ സമ്പന്നന്റെ ആത്മഗ തമാണ് ഉപമയിൽ. ആത്മഗതത്തിൽ ആദിമുതൽ അവസാനം വരെ സ്വയകേന്ദ്രീകൃതമായ കാര്യങ്ങ ളാണുള്ളത്. എല്ലാത്തിലും അഹം എന്ന ഭാവമാ ണ്. ദൈവമോ, സമൂഹമോ ഒന്നും ചിന്തയിലെങ്ങു മില്ല. സ്വാർത്ഥത മാത്രം നിറഞ്ഞു നിൽക്കുന്നു. എന്നാൽ ഒടുവിൽ സമ്പന്നന്റെ ആത്മഗതത്തിന്റെ ഒഴുക്കു പെട്ടെന്നു മുറിഞ്ഞു പോകുന്നു. ദൈവശ ബ്ദമാണ് ഇടയ്ക്കു കേൾക്കുന്നത്. 'മൂഢാ, ഈ

രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും.'' (വി. ലൂക്കോസ് 12 : 20) ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു. (വി. ലൂക്കോസ് 12 : 21) എന്നാണ് യേശുതമ്പുരാൻ ഉപമയിലൂടെ നമുക്കു നൽകുന്ന സന്ദേശം.

നമ്മുടെ താല്ക്കാലികമായ സാമ്പത്തിക ഭദ്രതയ്ക്കു സ്വകീയത ഉപാധിയല്ലായെന്നും ദൈവഭയവും ദൈവാശ്രയവും സഹോദരസ്നേഹവും മുൻനിർത്തി നീതിക്കും പരസേവനത്തിനും സ്വയം സമർപ്പിക്കുന്നതാണ് നിദാനമാക്കേണ്ടതെന്നും യേശുതമ്പുരാൻ നമ്മെ പഠിപ്പിക്കുന്നു. ഒരുവൻ തന്റെ സമ്പത്തിൽ ആശ്രയിച്ച് സ്വയം രക്ഷിക്കുവാൻ ശ്രമിക്കുന്നെങ്കിൽ ഭയത്തിലും ആകുലചിന്തയിലും അവൻ സ്വയം നശിക്കും. ഒരുവന്റെ വസ്തുവകകളുടെ സമൃദ്ധിയിലല്ല അവയെ അവൻ ദൈവരാജ്യത്തിനും നീതിക്കും വിധേയമാക്കുന്നതിലാണ് കാര്യം.

സമ്പന്നരെ സ്വർഗീയ തല്പരതയിൽ കേന്ദ്രമായ ധനതൃഷ്ണയിൽ നിന്നും ദ്രവ്യ സേവയിൽ നിന്നും മനസ്സ് തിരിപ്പിച്ച് ദൈവരാജ്യത്തിന്റെ ആഗോള സാഹോദര്യാടിസ്ഥാനത്തിലുള്ള നീതിയിലേക്ക് ക്ഷണിക്കുകയാണ്. ദരിദ്രരും സമ്പന്നരും തമ്മിലുള്ള കിടമത്സരങ്ങളിൽ, ദൈവം മർദ്ദിതരുടെയും അവഗണിക്കപ്പെടുന്നവരുടെയും ബലഹീനരുടെയും കൂടെയാണെന്ന് വി. ലൂക്കോസ് തന്റെ സുവിശേഷത്തിലൂടെ ഊന്നിപ്പറയുന്നു, (വി. ലൂക്കോസ് 1:53; 4:19; 16:19-31)

ഈ ലോകത്തിലുള്ള ഏതു മനുഷ്യനും ജീവിക്കുവാനവകാശമുണ്ട്. മറ്റുള്ളവരെ ചൂഷണം ചെയ്തുകൊണ്ടാകരുതെന്നു മാത്രം. സ്വയം സ്നേഹത്തിന്റെ സ്ഥാനത്ത് പരസ്പര സ്നേഹമാണ് ഉണ്ടാകേണ്ടത്. സ്വാർത്ഥതയോടെ സ്വന്തമായി അനുഭവിക്കാവുന്ന സമ്പൽ സമൃദ്ധിയല്ല വിശ്വസാഹോദര്യമാണ് മാനവജീവിതം ധന്യമാക്കുന്നതെന്ന് തിരിച്ചറിയണം. അതുകൊണ്ടാണ് യേശുതമ്പുരാൻ നമ്മോട് ജാഗരൂകരായിരിക്കുവാനും എല്ലാ അത്യാഗ്രഹങ്ങളിൽ നിന്നും അകന്നിരിക്കുവാനും പറയുന്നത്.

"ഇനി ദൈവാനുഗ്രഹമൊന്നുമില്ലെങ്കിലും കുഴപ്പമൊന്നുമില്ല" എന്നു പറയുന്ന ഒരു സാഹചര്യത്തിലേക്ക് ധനസമ്പാദനം നമ്മെ എത്തിക്കരുത്. ശ്രീ ശങ്കരാചാര്യൻ പറയുന്നു, "അരുത്, ധനമുണ്ടെന്നോ, ബന്ധുബലമുണ്ടെന്നോ യൗവ്വനസമ്പത്തുണ്ടെന്നോ കരുതി ഉന്മത്തനാകല്ലേ. ഇതൊക്കെ നിമിഷം കൊണ്ടില്ലാതാകും". എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നാം ജീവിക്കുന്ന വിവിധ മണ്ഡലങ്ങളിൽ ദിനവും കണ്ടുകൊണ്ടിരിക്കുന്നു.

ലൗകിക സമ്പത്ത് അരുതെന്നല്ല. അതല്ല നമ്മുടെ യഥാർത്ഥ സമ്പത്തെന്നോർക്കണമെന്നു മാത്രം. ഈ ലോക ജീവിതകാലഘട്ടത്തിൽ ഉപയോഗിക്കപ്പെടുന്ന ലൗകികസമ്പത്ത് ദൈവരാജ്യത്തിലെ നിക്ഷേപത്തിനുപകരിക്കണമെന്നു സാരം. സമ്പത്തിന്റെ അടിമയാകാതെ അവയെ നിയന്ത്രിച്ചുപയോഗിക്കുന്ന, അതിലൂടെ സ്വർഗ്ഗീയ നിക്ഷേപം വർദ്ധിപ്പിക്കുന്ന ദൈവാശ്രയ മനോഭാവമാണ് നമുക്കു വേണ്ടത്. പൂർണ്ണതയിലേക്കുള്ള വളർച്ചയ്ക്ക് ലൗകികസമ്പത്ത് ഉപകരിക്കപ്പെടണം. അതുകൊണ്ടാണ് യേശുതമ്പുരാൻ പറഞ്ഞത് "സൽഗുണ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റു ദരിദ്രർക്കു കൊടുക്ക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും" എന്ന്. (വി. മത്തായി 19:21)

മനുഷ്യമനസ്സിനു ലൗകിക ഭോഗങ്ങളോടു സഹജമായ ഒരാകർഷണമുണ്ടെന്നത് ശരി തന്നെ. എന്നാൽ ലൗകിക സുഖാനുഭവങ്ങളുടെ ക്ഷണികതയെയും ചിന്തിക്കുന്ന ഏതു മനുഷ്യനെയും മാനുഷികമായി നടുക്കിക്കളയുന്ന മരണത്തേയും ഓർത്തുകൊണ്ട് നാം ബോധപൂർവ്വം ജീവിതത്തെ കരുപ്പിടിപ്പിക്കണം. മനുഷ്യൻ കേവലം ഭൗതിക വസ്തുവാണെന്നും തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതിൽ കവിഞ്ഞൊന്നും അവന് ചെയ്യാനില്ലെന്നും പഠിപ്പിക്കുന്ന ചാർവാകന്മാരും എപ്പിക്കൂറിയന്മാരും ദൈവജനത്തെ എളുപ്പത്തിൽ സ്വാധീനിക്കുന്നുണ്ട്. സഭാപ്രസംഗി നമ്മോടു പറയുന്നു. "..... നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നുകൊൾക, എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് നടത്തും എന്നറിയുക". (11:9)

"ദിനംതോറും ജീവഗണം മരണത്തിന്റെ പിടിയിൽപെടുന്നതു കണ്ടിട്ടും മറ്റുള്ളവർ തങ്ങൾക്കു മരണമില്ലെന്നു കരുതുന്നതിനേക്കാൾ വലിയ അത്ഭുതമില്ല". എന്ന വ്യാസന്റെ നിരീക്ഷണവും ഇവിടെ ഓർക്കാവുന്നതാണ്. നാമിവിടുത്തെ തൽക്കാലവാസികളാണ്. വന്നപ്പോൾ ഒന്നും കൊണ്ടുവന്നില്ല. തിരികെ പോകുമ്പോൾ ഒന്നും കൊണ്ടുപോകുവാൻ നമുക്ക് കഴിയുകയുമില്ല. നീതിമാനായ ഇയ്യോബ് പറയുന്നു. "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നും പുറപ്പെടുന്നു. നഗ്നനായി തന്നെ മടങ്ങി

പ്പോകും," (1:21) പിന്നെന്തിനാണ് ലൗകികസമ്പത്തിനോട് നമുക്കിത്ര അദമ്യമായ താല്പര്യം.

ലൗകികസമ്പത്തുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ, കർമ്മഫലം നാമനുഭവിക്കേണ്ടതുണ്ട്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നു. "അവൻ ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കുതക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യജീവനും ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു കോപവും ക്രോധവും കൊടുക്കും. .." (റോമർ 1 : 6-10)

ലൗകികസമ്പത്ത് നമുക്ക് ഭാരമാകുന്നത് അതിനോടു നാം പുലർത്തുന്ന വികലമായ മനോഭാവം കൊണ്ടാണ്. സമ്പത്ത് മനുഷ്യന്റെ ഉപകരണമാണ്. ലക്ഷ്യമല്ല. സമ്പത്ത് ആവശ്യത്തിലധികം സമ്പാദിച്ചു സംരക്ഷിക്കുവാനുള്ളതല്ല. ആവശ്യത്തിനുമാത്രം സമ്പാദിച്ചു വിനിയോഗിക്കുവാനുള്ളതാണ്. ആ വിനിയോഗമാണ് ഈ ലോകജീവിതത്തിൽ നടക്കേണ്ടത്. നമുക്ക് ഏറ്റവും വിലപ്പെട്ടത് നമ്മുടെ ജീവിതമാണ്. ഈ ലോകജീവിതം മരണത്തോളമേയുള്ളൂ. താല്ക്കാലികം. അതിനു ശേഷമുള്ളത് എന്നാളത്തേയ്ക്കും നിത്യം. എന്നാളത്തേയ്ക്കുമുള്ള ആ നിത്യജീവിതത്തിലേക്കു, ഈ ലോകജീവിതം നാം പ്രയോജനപ്പെടുത്തണം. ദൈവമക്കൾ ഈ ലോകത്തിലായിരിക്കുമ്പോൾ പ്രാർത്ഥിക്കേണ്ടതായ ഒരു പ്രാർത്ഥനയുണ്ട്. അതി പ്രകാരമാണ്.

"രണ്ടുകാര്യം ഞാൻ നിന്നോടു അപേക്ഷിക്കുന്നു. ജീവപര്യന്തം അവ എനിക്കു നിഷേധിക്കരുതേ. വ്യാജവും ഭോഷ്കും എന്നോട് അകറ്റണമെ. ദാരിദ്ര്യവും സമ്പത്തും എനിക്കു തരാതെ നിത്യവൃത്തി തന്ന് എന്നെ പോഷിപ്പിക്കേണമെ. ഞാൻ തൃപ്തനായിത്തീർന്നിട്ട് യഹോവ ആർ എന്നു നിന്നെ നിഷേധിപ്പാനും ദരിദ്രനായിത്തീർന്നിട്ട് മോഷ്ടിച്ച് എന്റെ ദൈവത്തിന്റെ നാമത്തെ തീണ്ടിപ്പാനും സംഗതി വരരുതേ". (സദൃശ്യവാക്യങ്ങൾ 30 : 7-9)

നമുക്കും അപ്രകാരം പ്രാർത്ഥിക്കാം. ദൈവനാമം മഹത്വപ്പെടട്ടെ.

✤

## പ്രദീപ്തിയുടെ ജന്മദിന ആശംസകൾ



**യൂഹാനോൻ മാർ പോളിക്കാർപ്പോസ്**
**മെത്രാപ്പോലീത്ത**
**മാർച്ച് 30**



**ഡോ. സഖറിയ മാർ അപ്രേം**
**മെത്രാപ്പോലീത്ത**
**മാർച്ച് 11**



# എന്റെ പ്രാർത്ഥന

ജോർജ്ജ്കുട്ടി തുടിയംപറമ്പിൽ

അൾത്താര മുമ്പിൽ ഞാൻ വന്നു
നിറമിഴിയോടെ ഞാൻ നിന്നു
കൺകളുയർത്തി ഞാൻ
കൈകളുയർത്തി ഞാൻ
കർത്തനോടർത്ഥിച്ചെൻ പാപം ക്ഷമിക്കുവാൻ
ഞാനെൻ കർത്തനോടർത്ഥിച്ചെൻ പാപം ക്ഷമിക്കുവാൻ
അൾത്താര ..
മഗ്ദലനായിലെ മറിയത്തിൻ പാപം
നീക്കിയോരേശുദേവ
സഖായിയെ തന്റെ കരുണയാൽ
കൈക്കൊണ്ട കാരുണ്യവാനായ ദേവ
കാത്തുരക്ഷിക്കുക കാത്തുരക്ഷിക്കുക
കാരുണ്യവാനായ ദേവ - അൾത്താര..
ഗത്സമേൻ തോട്ടത്തിൽ നീയന്നു ഞങ്ങൾക്കായ്
രക്തം വിയർപ്പാക്കിയൊഴുക്കിയോനെ
ഞങ്ങടെ പാപങ്ങളേറ്റുകൊണ്ടാദിനം
കാൽവരി കയറിയ നാഥാ
കാത്തുരക്ഷിക്കുക കാത്തുരക്ഷിക്കുക
കാരുണ്യവാനായ ദേവ - അൾത്താര..

ജോലിയിൽ പ്രവേശിച്ചതിന്റെ 34 – ാം വാർഷികവും 27 – ാം വിവാഹ വാർഷികവും
ഫെബ്രുവരി 27 – ാം തീയതി ആഘോഷിച്ച
കോളാപ്പിള്ളിൽ ശ്രീ. ജോർജ്ജ് ജോണിനും സഹധർമ്മിണി ശ്രീമതി അമ്മിണി ജോർജ്ജിനും



പാമ്പാക്കുട വലിയപള്ളി ആത്മീയ സംഘടനയുടെ ആശംസകൾ

# വാർത്തകൾ

## കടമറ്റം പള്ളിയിൽ കുടുംബസംഗമം

പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള ശക്തി ഓർത്തഡോക്സ് സഭാംഗങ്ങൾക്കുണ്ടെന്ന് സുന്നഹദോസ് സെക്രട്ടറി ഡോ.മാത്യൂസ് മാർ സേവേറിയോസ് പ്രസ്താവിച്ചു. കടമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി കുടുംബ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. സമാധാനമാണ് സഭയുടെ ലക്ഷ്യം. ആരെയും അങ്ങോട്ടുകയറി ആക്രമിച്ചിട്ടില്ലെന്നും സ്വയരക്ഷയ്ക്ക് ആക്രമണങ്ങളെ തടഞ്ഞിട്ടേയുള്ളുവെന്നും മെത്രാപ്പോലീത്ത ചൂണ്ടിക്കാട്ടി. വികാരി ഐസക്ക് മട്ടമ്മേൽ കോറെപ്പിസ്കോപ്പ അദ്ധ്യക്ഷതവഹിച്ചു. അങ്കമാലി ഭദ്രാസന സെക്രട്ടറി മത്തായി ഇടയനാൽ കോറെപ്പിസ്കോപ്പ മുഖ്യ സന്ദേശം നല്കി. പള്ളിയുടെ വെബ്സൈറ്റിന്റെ ഉദ്ഘാടനം സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് നിർവ്വഹിച്ചു. എസ്.എസ്.എൽ.സി., പ്ലസ്ടു അവാർഡ് ദാനവും അനുമോദനവും ഇതോടൊപ്പം നടത്തി. ഗായിക ശിൽപ രാജുവിനെയും മലങ്കര സഭ ഗാനസുഗന്ധി ഫെമി ഷാജിയെയും അനുമോദിച്ചു. സഭ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പള്ളി, ഭദ്രാസന സെക്രട്ടറി ഫാ. ജേക്കബ് കുര്യൻ ചെമ്മനം, പ്രാർത്ഥനായോഗം സെക്രട്ടറി വർഗീസ് കരിപ്പാടം, പഞ്ചായത്ത് അംഗം വത്സ ജോർജ്ജ്, സഹവികാരി ഫാ. എബ്രാഹം കെ. ജോൺ, കുടുംബ യൂണിറ്റുകളുടെ ജനറൽ സെക്രട്ടറി ക്രിസ്റ്റിൻ ഷാജി, ട്രസ്റ്റി സി.കെ. പൗലോസ്, സി.ജെ. ജോസഫ്, കെ.പി. ജയിംസ് തുടങ്ങിയവർ പ്രസംഗിച്ചു. പെരുവംമൂഴിയിൽ നിന്നു സമ്മേളനസ്ഥലത്തേക്ക് കുടുംബയൂണിറ്റുകളുടെ വർണശബളമായ റാലിയും നടന്നു.

## പ്രാർത്ഥനയോഗം
## വാർഷിക സമ്മേളനം

കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രാർത്ഥന യോഗത്തിന്റെ ഏകദിന വാർഷിക സമ്മേളനം മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് 2010 ഏപ്രിൽ 9-ാം തീയതി നടത്തപ്പെടുകയാണ്.

## പ്രാർത്ഥനയോഗം
## മുളക്കുളം മേഖലാസമ്മേളനം

കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രാർത്ഥന യോഗത്തിന്റെ മുളക്കുളം മേഖലാസമ്മേളനം മുളക്കുളം വടക്കേക്കരയിൽ തുടിയമ്പറമ്പിൽ ശ്രീമതി ഏലിയാമ്മ സഖറിയുടെ ഭവനത്തിൽ ഏപ്രിൽ 20 ഞായറാഴ്ച നടന്നു. മുളക്കുളം കർമ്മേൽക്കുന്ന്, പാറേൽ, മുളക്കുളം വലിയപള്ളി, പെരുമ്പടവം, പുതുവേലി എന്നീ ഇടവകളിൽ നിന്നായി 400 പ്രതിനിധിയിൽ പങ്കെടുത്തു. **അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത** മുഖ്യപ്രഭാഷണം നടത്തി. പ്രാർത്ഥന യോഗം വൈസ് പ്രസിഡന്റ് റവ. ഫാ. സി.എം. കുര്യാക്കോസ് സ്വാഗതവും, മേഖല സെക്രട്ടറി ശ്രീ. വി.യു. പൗലോസ് നന്ദിയും രേഖപ്പെടുത്തി. പ്രാർത്ഥനയോഗം ഭദ്രാസന സെക്രട്ടറി ശ്രീ. കരിപ്പാടം വർഗീസ് പ്രാർത്ഥനയോഗത്തിന്റെ ഭാവിപരിപാടികൾ വിശദീകരിച്ചു. റവ. ഫാ. ഡോ.ടി.പി. ഏലിയാസ്, റവ.ഫാ. വി.എം. പൗലോസ്, റവ. ഫാ. ജോസ് തോമസ് എന്നിവർ പങ്കെടുത്തു.

## വിവാഹപൂർവ്വ കൗൺസിലിംഗ്

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ വിവാഹപൂർവ്വ കൗൺസിലിംഗ് (Pre Marital Counseling) ഏപ്രിൽ 11, 12 തീയതികളിൽ കോലഞ്ചേരി മെഡിക്കൽ കോളേജിൽ വെച്ച് നടത്തപ്പെടുന്നു. യുവതീയുവാക്കൾ ഈ അവസരം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

വിശദവിവരങ്ങൾക്ക്:

**റവ. ഫാ. ജോൺ കുര്യാക്കോസ്**

MOSC മെഡിക്കൽ കോളേജ്, കോലഞ്ചേരി

Mob: 9809808084



പ്രതിഭ കറിപൗഡറുകൾ വാങ്ങൂ.....
ജീവകാരുണ്യപ്രവർത്തനങ്ങളിൽ
പങ്കാളികളാവൂ...
പ്രതിഭ
കറിപൗഡറുകൾ
भारत सरकार
GOVERNMENT OF INDIA
AGMARK
GRADE STANDARD
അഗ്മാർക്ക്
അംഗീകരിച്ച
ഗുണമേന്മ
• മുളകുപൊടി • മല്ലിപൊടി • മഞ്ഞൾപൊടി • സാമ്പാർപൊടി,
• രസംകൂട്ട • കുരുമുളകുപൊടി • കറി മസാല • മീൻകറി മസാല
• മീൻ വറുക്കുന്ന മസാല • മീറ്റ് മസാല • ചിക്കൻ മസാല



The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published from The Diocesan Office, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery